൧൧൦൮-ാമാണ്ടു വൃശ്ചികമാസം ൫-ാം മുതൽ തിരുവനന്തപുരത്തു മതിലകത്തു വച്ചു തുടങ്ങി നടക്കുന്ന മുറജപം അടിയന്തരം പ്രമാണിച്ചു വടക്കു നിന്നും വന്നു പൊകുന്ന വാദ്ധ്യാന്മാർ വൈദികന്മാർ നമ്പൂരിമാരുൾപ്പെട്ടവൎക്കു വക്കലെ ഊട്ടിൽവച്ചു കീഴ്പതിവുപൊലെ ഭക്ഷണം കൊടുപ്പിക്കുന്ന വകക്കു ആവശ്യപ്പെടുന്ന കൊപ്പുകളും വ്യഞ്ജനം മുതലായ സാമാനങ്ങളും അരിവകകൾക്കു വെണ്ട നെല്ലു തിങ്ങൾ മുറയുള്ള അധികാരങ്ങളിൽ നിന്നൊ മററു സ്ഥലങ്ങളിൽ നിന്നൊ ക്രമംപൊലെ വാങ്ങിച്ചു അരി അവൽ മുതലായതും തയാറാക്കിയും ഏല്പിക്കുന്നതിനു കുത്തക കൊടുക്കുന്നതിലെക്കു ഈ വരുന്ന കന്നിമാസം ൨൩-ാം ൧൫-ാം ചിറയിൻകീഴ് കച്ചെരിയിൽ വച്ചു തഹശീൽദാർ മുഖാന്തരം ലെലം ചെയ്യുന്നതിനു നിശ്ചയിച്ചിരിക്കുന്നു. ലെലത്തിൽ കൊണ്ടു കുത്തക നടത്താൻ മനസ്സുള്ള ആളുകൾ അവധി ദിവസം ഹാജരായി ൫ രൂപാ വീതം ഓരൊരുത്തരും കെട്ടിവച്ചു ലെലത്തിൽ ചെരുകയും വക്കലെ മലപ്പുറത്തു കഞ്ഞിവക ഉൾപ്പെടെ വെണ്ട അരിക്കു കുത്തുകൂലി ചുമട്ടുകൂലി വകയിലും കൊപ്പു വെഞ്ജനം മുതലായതിനു ൧൧൦൭-ലെ വിലയിലൊ ശരാശരി നിരക്കുവിലയിലൊ താരിപ്പുവിലയിലൊ കുറച്ചു പിടിക്കയും ചെയ്യുന്ന ആളിന്റെ മെൽ ലെലം സ്ഥിരപ്പെടുത്തുന്നതാകുന്നു. അങ്ങിനെ സ്ഥിരപ്പെടുമ്പോൾ ഉറപ്പിലെക്കു ൨൦൦ രൂപാ ഡെമണി വെണ്ടതിൽ നാലിലൊന്നു ഉടനെയും ശെഷം എഴുതി ബൊധിപ്പിച്ചു ഉത്തരവു വന്നു തെയ്യപ്പെടുത്തുന്ന സമയത്തും കെട്ടിവെക്കയും കുത്തക സംബന്ധിച്ചു നടക്കെണ്ടും ക്രമങ്ങൾക്കു സ്വന്ത ചിലവിന്മെൽ മുദ്രപ്പത്രത്തിൽ ഉടമ്പടി എഴുതി ഏല്പിക്കയും ചെയ്യെണ്ടതാകുന്നു. ആദ്യം കെട്ടിവെക്കുന്ന ൫ രൂപായിൽ സ്ഥിരപ്പെട്ട ആളിന്റെ രൂപാ ഡെമണിക്കു വകവെക്കയും ശെഷം പെരുടെ രൂപാ ഉടൻ തിരിച്ചു കൊടുക്കയും ചെയ്യുന്നതാകുന്നു. നാലിലൊന്നൊ മുഴുവനൊ ഡെമണി വെക്കാതെയൊ മറൊ വീഴ്ച ചെയ്താൽ ആവൎത്തിച്ചു ലെലംചെയ്തു ആളെപ്പെടുത്തി നടത്തിക്കുന്നതിനും അതിൽ വച്ചുണ്ടാകുന്ന സകല നഷ്ടങ്ങളും ആദ്യ ലെലക്കാരനിൽ നിന്നും ക്രമംപൊലെ ഈടാക്കുന്നതിനും ഇടവരുമെ

ന്നുള്ളതും അതിൽവച്ചു വല്ല കുറവു വരുന്നതായാൽ ആ സംഖ്യക്കു ആൾ ലെലക്കാരു ഉത്തരവാദപ്പെടുന്നതല്ലാത്തതും ആകുന്നു. അരി കൊപ്പുകൾ ഒന്നായിട്ടൊ പ്രത്യേകം പ്രത്യേകമായിട്ടൊ കൊപ്പു ഇനംതിരിച്ചു കുത്തക കൊടുക്കുന്നതും ആകുന്നു. ലെലം സ്ഥിരപ്പെടുത്തുന്നതും നിരാകരിക്കുന്നതും സൎക്കാരിലെ യുക്താനുസാരം ആയിരിക്കയും ചെയ്യും. ഈ കുത്തകയും സാമാനങ്ങളും സംബന്ധിച്ചു കൂടുതൽ വിവരങ്ങൾ അറിവാൻ ആവശ്യപ്പെടുന്നവർ ചിറയിൻകീഴ താലൂക്കു കച്ചേരിയിൽ അപെക്ഷിച്ചാൽ തെരിയപ്പെടുത്തുന്നതുമാകുന്നു എന്ന

൧൦൮൧ ചിങ്ങം ൨൮൹

അക്ടിംഗ് അസിസ്റ്റന്റു ഇൻചാൎജ്
കെ. രാമസ്വാമി അയ്യർ

കൊല്ലം ഡിവിഷൻ കച്ചേരിയിൽ നിന്നു പരസ്യം ചെയ്യുന്നതെന്തെന്നാൽ

൧. ൧൦൮൧ാമാണ്ടു നടക്കുന്ന മുറജപം മുടിയുന്നതിനെ പ്രമാണിച്ചു കാൎത്തികപ്പള്ളി താലൂക്കിൽ തൃക്കുന്നപ്പുഴ സ്ഥലത്തുവച്ചു വാദ്ധ്യാന്മാർ വൈദികന്മാർ നമ്പൂരിമാർ ഉൾപ്പെട്ടവൎക്കു [illegible] ക്ഷണത്തിനു വട്ടംകൂട്ടികൊടുക്കുന്നതിനു വിരുത്തിക്കാർ മുഖാന്തിരം ഏല്പിച്ചുവന്ന സാമാനങ്ങളും വെഞ്ജനങ്ങളും കുത്തകയായി ഏല്പിക്കുന്നതിനു അതിലെപ്പടെണ്ടതിലെക്കു ൧൦൮൧ാമാണ്ടു കന്നിമാസം ൫൹ കാൎത്തികപ്പള്ളി താലൂക്കു കച്ചേരിയിൽവച്ചു തഹശീൽദാർ ലെലം വിളിപ്പിക്കാൻ നിശ്ചയിച്ചിരിക്കുന്നതിനാൽ മനസ്സുള്ളവർ ഹാജരായി വിളികൊള്ളാവുന്നതാകുന്നു

൨. ലെലത്തിനു ചെല്ലുന്നതിനു ഓരോരുത്തരും ൫൦ രൂപാ വീതം ഡെപ്പാസിറ്റു [illegible] ക്കേണ്ടതും ഡെമണി വെക്കാത്തവരെ ലെലത്തിനു ചെല്ലുന്നതല്ലാത്തതും ആകുന്നു. ലെലം സ്ഥിരപ്പെട്ട ഉടനെ സ്ഥിരപ്പെടുന്നവരുടെ തുക നീക്കി ശെഷം പെരുടെ രൂപാ തിരിയെ കൊടുക്കുന്നതായിരിക്കും. സ്ഥിരപ്പെടുന്നവർ കുത്തക ശരിയായി നടക്കുമെന്നുള്ള [illegible] മുൻപു ഹാജരാക്കുന്നതുംകൂടാതെ കുത്തകവിലയിൽ എട്ടിൽ ഒരംശം സംഖ്യ ഡെമണിയായി അതാതിവസം വെക്കുന്നതിനും കെട്ടിവെക്കണം. അങ്ങനെ വെക്കാതെയിരുന്നാൽ ആ ഡെമണിയെ സൎക്കാരിലെക്കു മുതൽകൂട്ടുന്നതുകൂടാതെ ആവൎത്തിച്ചു ലെലംവിളിപ്പിക്കയൊ മററു വെറൊവിധം വ്യവസ്ഥ ചെയ്യുന്നതിൽവച്ചുണ്ടാകുന്ന നഷ്ടത്തിനു കുത്തകക്കാരൻ ഉത്തരവാദിയായിരിക്കുന്നതും ആകുന്നു ലാഭം ഉണ്ടായാൽ ആയ്തു മുൻ കുത്തകക്കാരനു അവകാശപ്പെട്ടതല്ലാ.

൩. ഏല്പിക്കേണ്ടതായ സാമാനങ്ങളുടെ വിവരവും സംഖ്യയും തരവും മററും അറിയേണമെന്നുണ്ടായിരുന്നാൽ താലൂക്കുകച്ചേരിയിൽ ഹാജരായി ചോദിച്ചാൽ പറയുന്നതാകുന്നു സാമാനം കൂടുതലായൊ കുറവായൊ ആവശ്യപ്പെടുന്നതുപൊലെ ഏല്പിക്കണം. ഈ വകക്കു ആവശ്യമുള്ള സാമാനങ്ങൾ അതാതു സ്ഥലങ്ങളിലുള്ള കലവറ സ്ഥലത്തും മററും അതിലെക്കു നിയമിച്ചിരിക്കുന്ന സ്ഥലങ്ങളിലും ൧൦൮൧ാമാണ്ടു തുലാമാസം മുതൽ കൊണ്ടുചെന്നു നടപ്പനുസരിച്ചു അളന്നും തൂക്കിയും എണ്ണിയും ഏല്പിക്കണം.

൪. ഒരു തവണക്കുള്ള സാമാനങ്ങൾ എല്ലാം ഏല്പിച്ചുതീൎന്നാൽ അതാതിലെക്കു മാസാവസാനത്തിൽ കണക്കുതീൎത്തു തീരവ വരുന്നതായ പണം മുഴുവനും [illegible] കൊടുക്കയും ഒടുക്കലത്തെ തവണക്കുള്ള സാമാനങ്ങൾ ഏല്പിച്ചുതീൎന്നാൽ എല്ലാ കണക്കുകളും സൂക്ഷ്മമായിതീൎത്താൽ പിന്നെ ഡെമണി തിരിയെ കൊടുക്കുന്നതും ആകുന്നു.

൫. എന്തെങ്കിലും സാമാനങ്ങൾ അതാതു അവധിക്കു ശരിയായി ഏല്പിക്കാതെയിരിക്കയൊ കുത്തകക്കാരന്റെ വീഴ്ചയിനാലൊ നടപടിതെററിനാലൊ എന്തെങ്കിലും [illegible] നെരിടുകയൊ ചെയ്താൽ അതിൽവച്ചുണ്ടാകുന്ന നഷ്ടങ്ങൾക്കു കുത്തകക്കാരൻ ഉത്തരവാദിയായിരിക്കും. ആ നഷ്ടത്തിനു ഡെമണികൂടാതെ വസ്തുവിലും പ്രവൎത്തിച്ചു [illegible] ഈടാക്കുന്നതായിരിക്കും.

൬. സാമാനങ്ങൾ എല്ലാം ഒന്നിച്ചൊ ഇനംതിരിച്ചൊ വെവ്വെറെയായൊ ഒരാൾക്കൊ പലൎക്കൊ കൊടുക്കുന്നതായിരിക്കും. ലെലം സ്ഥിരപ്പെടുത്തുന്നതും തള്ളുന്നതും സൎക്കാരിലെ യുക്താനുസാരം ആയിരിക്കുന്നതാകുന്നു എന്ന ൧൦൮൧ാമാണ്ടു ചിങ്ങമാസം ൨൯൹

ദിവാൻപെഷ്ക്കാർ അയ്യപ്പൻ കൊച്ചുപിള്ള,
പെഃ ഒ. അസിസ്റ്റന്റു എൻ രാമരായർ.

അമ്പലപ്പുഴ താലൂക്ക കച്ചേരിയിൽ നിന്നും പരസ്യം ചെയ്യുന്നതെന്തെന്നാൽ

ഈ താലൂക്കിൽ എഴുതിതിരുവല്ലാ കുന്നുർകൊട്ട ക്ഷെത്രത്തിൽ ശാന്തിക്ക അടിയറ അടക്കവെണ്ടിയ ഉൽപ്പടെ ൨൩൦൫ പണമായിട്ട മാന്നനാട്ടമഠത്തിൽ നാരായണൻ ശ്രീനിവാസൻ എമ്പ്രാൻ ൩ വഷത്തെക്ക ഏല്പിട്ടിരിക്കുന്ന കാലാവധി ൧൦൯൧ ാമാണ്ട തുലാമാസം ൨൩- വരെ കഴിയുന്നതായി ആ ദെവസ്വം ചന്തിരക്കാറന്റെ റിപ്പോട്ട വന്നിരിക്കുന്നു. വീണ്ടും ൩ വഷത്തെക്ക ആളെ ഏല്പിടത്തുന്നതിനു കന്നിമാസം ൧൭ ൹-മുതൽ ൩ ദിവസം ഈ കച്ചേരിയിൽവച്ചു ലെലം നടത്തുന്നതിന നിശ്ചയിച്ചിരിക്കുന്നു ശാന്തിക്ക യൊഗ്യതയും മനസ്സുമുള്ളവർ അവധിദിവസങ്ങളിൽ ഹാജരായി വിളികെൾക്കാമെന്നുള്ളതാണ.

അടിയറയിൽ കൂട്ടിയും കാലസംഖ്യയിൽ കുറച്ചും ഏല്പിടുന്നവരുടെ മെൽ സ്ഥിരപ്പെടുത്തുന്നതാണ ലെലം അവസാനിച്ച ഉടൻ ഏല്പിട്ടയാൾ വിളികെട്ട സംഖ്യയിൽ മൂന്നിലൊന്നു ഡെമണി കെട്ടിവെക്കയും എഴുതിബൊധിപ്പിച്ചു അനുവദിച്ച ഉത്തരവു വന്നു തെയ്യപ്പെടുത്തുന്നതുപൊലെ ഡെമണി നീക്കി ശെഷം സംഖ്യയും ഹാജരാക്കി ഒടുക്കുകയും മുറക്ക മുച്ചിലത്തിൽ ഉടമ്പടി വെക്കയും ചെയ്യെണ്ടതുമാണ അങ്ങനെ ഉടമ്പടി വൈക്കാതെയൊ ഡെമണി നീക്കി ശെഷം സംഖ്യ തെയ്യപ്പെടുത്തുന്നതുപൊലെ ഒടുക്കാതെയൊ ഇരുന്നാൽ ഡെമണി പ്രായശ്ചിത്തമായി മുതൽ കൂട്ടുന്നതുകൂടാതെ ആവത്തിച്ചു ലെലം നടത്തുന്നതിൽ ഉണ്ടാകുന്ന നഷ്ടം കൂടി ആദ്യലെലക്കാറനിൽ നിന്നും മുറക്ക ഈടാക്കുന്നതിന ഇടവരുന്നതും ലാഭംവന്നാൽ അതിന ലെലക്കാറനു അവകാശമില്ലാത്തതുമാകുന്നു ഈ ശാന്തിക്ക നാൾ ഒന്നിന ൨ ഇടങ്ങഴി അരിയും മാസം ഒന്നിന ൩൦ പണവും അനുഭവമുള്ളതുമാണെ എന്നു

൧൦൯൧ ചിങ്ങമാസം ൨൬൹-

തഹശിൽദാർ കെ. ശംകരനാരായണയ്യൻ.

Notice of auction sale of Kandukrishy Pattom lands.

നമ്പർ ൭.

തിരുവനന്തപുരം ഉൾപ്പെട്ട കണ്ടകൃഷി കച്ചെരിയിൽ നിന്നും
പരസ്യം ചെയ്യുന്നതു എന്തെന്നാൽ

കൽക്കുളം കണ്ടകൃഷി വക നാഗമുട്ടകുളം പുരവിൽ ൭നമ്പർ ഏൺപതിനാഴി തടി ഒന്ന വിളെഞ്ഞ കലനെ കുറണി നിലം ആണ്ടൊന്നിന ൧൭ കലൻ ൩ കുറണി നെല്ല വീതവും ൧൦൭൩ ാമാണ്ട കുംഭപ്പൂ മുതൽ ആറ വഷം കാലസംഖ്യക്കും കിഴ കൽക്കുളത്തു ആറുമുഖം ശിവതാണുവനെ കുത്തക പാട്ടം ഏല്പിച്ചു നടന്നു വരവെ ൧൦൯൦ ാമാണ്ട കുംഭപ്പൂ പാട്ടം ന്യായം അനുസരിച്ചും മററും തിക്കാഴികയാൽ നിലം പാട്ടം വകയ്ക്ക വച്ചിട്ടുള്ള ഡെമണിയിൽ നിന്നും ഈടാക്കിയതിനു പകരം ഡെമണി കെട്ടിവയ്ക്കണ്ടതിലെയ്ക്ക നൊട്ടീസു കൊടുത്തു അവധി കഴിഞ്ഞു ഇതുവരെയായിട്ടും കെട്ടിവച്ചിട്ടില്ലാഴികയാൽ ആവത്തിച്ചുലെലം നടത്തുന്നതിന നിദാനം വരണമെന്ന കൽക്കുളം കണ്ടകൃഷി വിചാരിപ്പുകാറരുടെ റിപ്പൊട്ട വന്നിരിക്കകൊണ്ട മെലെഴുതിയ നിലം ൧൦൯൧ ാമാണ്ട കുംഭപ്പൂ മുതൽ ൩ സംവത്സരം കാലസംഖ്യക്കു കൂടുതൽ പാട്ടത്തിനു ആളെ ഏല്പിടെണ്ടതിലെക്ക ഈ വരുന്ന കന്നിമാസം ൧൩൹- മുതൽ രണ്ട ദിവസം സ്ഥലത്തും ൧൭൹- കൽക്കുളം താലൂക്കകച്ചേരിയിലും വച്ചു ലെലം വിളിപ്പിക്കുന്നതിന നിശ്ചയിച്ചിരിക്കുന്നു.

ലെലത്തിൽ ചെന്ന വിളി കെൾക്കണമെന്നു ആഗ്രഹിക്കുന്നവർ ലെലത്തിന മുമ്പായി ൫ രൂപാ വിതം രൊക്കം ഡെമണി വെക്കെണ്ടതാണ അങ്ങനെ കെട്ടിവെക്കാത്തവരെ ലെലത്തിൽ ചെരുന്നതിന അനുവദിക്കുന്നതല്ലാ കൂടുതൽ തുകക്ക വിളികെൾക്കുന്നവരുടെ മെൽ ലെലം അവസാനിപ്പിക്കുന്നതും അവർ ഉടൻതന്നെ ഒരാണ്ടത്തെ നെല്ലിന നിരക്കുവിലപ്രകാരമുള്ള തുകയിൽ നാലിലൊരുഭാഗം ഡെമണി വെക്കെണ്ടതും ആകുന്നു. ലെലം അവസാനിച്ചു കൂടുമ്പോൾ ലെലത്തിൽനിന്നും ഒഴിഞ്ഞവർ കെട്ടിവച്ചിട്ടുള്ള ഡെമണി തിരികെയും ലെലത്തിൽ ഏല്പിട്ട ആളിന്റെ ഡെമണി അയാൾ ഒടുക്കെണ്ട തുകക്ക വകവച്ചും കൊടുക്കുന്നതാണ.

ലെലം അവസാനിച്ചതിൽ പിന്നെ എഴുതിബൊധിപ്പിച്ചു ഉത്തരവുണ്ടാകുന്നതനുസരിച്ചു ഒരാണ്ടത്തെ പാട്ട തുകക്ക മുമ്പെ ഡെമണി ഒടുക്കിയതു പൊകെ വെണ്ട പണം കെട്ടിവെക്കയും ക്രമപ്രകാരം ഉടമ്പടിയുമെഴുതി പാട്ടം ഏററു നടക്കയും ചെയ്യെണ്ടതാകുന്നു. അപ്രകാരം ഡെമണി വെക്കാതെയും ഉടമ്പടിഎഴുതിവച്ചു പാട്ടം ഏൾക്കാതെയും വീഴ്ച വരുത്തുന്ന പക്ഷം ആവത്തിച്ചു ലെലം നടത്തി വെറെ ആളെ ഏല്പിടത്തുന്നതും അതിനാൽ ആദ്യ തുകയിൽ നിന്നും സക്കാരിലെക്ക നഷ്ടം നെരിടുന്നു എങ്കിൽ ആയതു ആദ്യ ലെലക്കാറനിൽ നിന്നും ഈടാക്കുന്നതിന പുറമെ ഡെമണിക്കായി കെട്ടിവച്ചിട്ടുള്ള തുകയെ പ്രായശ്ചിത്തമായി സക്കാരിലെക്ക മുതൽകൂട്ടുന്നതുമാകുന്നു. രണ്ടാമതു ലെലത്താൽ മുൻതുകയിൽ നിന്നും ലാഭം ഉണ്ടാകുന്നു എങ്കിൽ അതു ആദ്യ ലെലക്കാറനു അവകാശപ്പെടുന്നതും അല്ലാ.

ലെലത്തെ സംബന്ധിച്ചു ഇതിൽ കൂടുതലായി വല്ല വിവരങ്ങളും അറിയണമെന്നുള്ളവർ കൽക്കുളം കണ്ടകൃഷിയിൽ ആവശ്യപ്പെട്ടാൽ പറഞ്ഞുതരുന്നതാണെ എന്നു

൧൦൯൧ ാമാണ്ട ചിങ്ങമാസം ൧൬൹- ആ. തഹശിൽദാർ വെലുപ്പിള്ള.

Notice.

Tenders are invited for the supply of the following articles required for the Travancore Police for M. E. 1081, (1905-1906)

2. The tenders should be sealed with wax and superscribed "Tenders for the supply of articles for the Travancore Police." They should be addressed to the Superintendent of Police, Travancore, Trivandrum, and posted in time to reach him before noon on the 13th October 1905. Tenders received after that time will be rejected

3. The tenders may be for all or any of the articles specified in the list. Every tender should be accompanied by a sample of the articles tendered for, which also should reach the Superintendent before noon on the 13th October 1905. The price offered should include all charges till delivery at the Superintendent's office, Trivandrum.

4. The tenders will be opened at the Superintendent's office at 12 noon on the 14th October in the presence of such of the tenderers or their agents as may be in attendance.

5. All tenders for articles over a thousand Rupees in value should be accompanied by a deposit of Rupees one hundred in cash or in currency notes as earnest money, this deposit to be forfeited in case the contractor fails to accept the contract tendered for.

6. Those whose tenders are accepted will be required to make within 20 days of acceptance of the tender a deposit equal to 10 per cent. of the value of the articles to be supplied and to execute an agreement binding themselves to fulfil the terms of the contract

7. The tender accepted will be subject to the approval of Government.

8. Samples will not be paid for, but will be returned on application accompanied by a remittance to pay forwarding charges. Those sent with accepted tenders will be retained in the Superintendent's office for comparison with the articles supplied and no article will be accepted unless it is fully equal to the sample.

9. The delivery should commence on or before the 15th December and be completed by the 15th March 1905. For every day's delay beyond this time a fine of Rs. 5 a day will be inflicted

10. No advances will be made, but accepted consignments will be paid for within 20 days of the receipt of the articles.

11. If any contractor fails to fulfil any part of his engagement his deposit will be forfeited and it shall be open to the Superintendent to cancel the whole of the unfulfilled portion of the contract and hold the defaulter responsible for any losses which may arise from a resale of the contract either by public auction or private engagement at the Superintendent's discretion. The defaulting contractor will not be entitled to any profits arising from such resale.

12. The deposit referred to in para 6 will be returned only on fulfilment of the entire contract.

13. The Superintendent reserves to himself the right of rejecting all or any of the tenders without assigning a reason.

Office of the Supt. of Police,
Trivandrum,
1st September, 1905.

O. H. BENSLEY,
SUPERINTENDENT OF POLICE,
Travancore.

List of Articles.

No.	Description.		Quantity.
1	Khaki suits *(Knicker-bockers)		3,300
2	Turkey Red §	Yds.	7,100
3	Helmets for European constables		15
4	Forage caps for European constables		15
5	Leather belts with frogs		500
6	Water Proof cloth caps		1,100
7	Boots	Pairs.	100
8	Sandals	Do.	450
9	Whistles with Chains		200
10	Khaki Havresacks		209
11	Reservoir with burner large		50
12	Silk sashes with frogs		100
13	Clocks ...		6
14	Hanging lanterns		10
15	Zinc sheets 16 in × 4 in: ..		
			1,456

* To be Machine stitched. Material, Spinner & Co's Warrington shade required with weight, trade mark and manufacturer's name. § Full piece

പരസ്യം

൧ തിരുവിതാംകൂർ പൊലീസു വകക്കു [illegible] ഉള്ള [illegible] ൧൯൮൧ [illegible] ൧൯൦൬) ആവശ്യമുള്ള താഴെ പറയുന്ന സാമാനങ്ങൾ ഏല്പിപ്പാൻ ദഖാസ്തു [illegible] കന്നതിനായി പരസ്യം ചെയ്തു അറിയിക്കുന്നതെന്തെന്നാൽ

൨ ദഖാസ്തുകൾ മെഴുകകൊണ്ടു മുദ്രവച്ചു [illegible] തിരുവിതാംകൂർ പൊലീസു വകക്കു സാമാനങ്ങൾ ഏല്പിക്കുന്നതിനുള്ള ദഖാസ്തുകൾ എന്നു എഴുതിയും ഉരിക്കേണ്ടതാകുന്നു. [illegible] തിരുവനന്തപുരത്തു ഇരിക്കുന്ന തിരുവിതാംകൂർ പൊലീസു സൂപ്രണ്ടിന്റെ പേർക്കു മേൽവിലാസം എഴുതി ൧൯൮൧ അക്കൊബർ [illegible] ഉച്ചയ്ക്കു [illegible] വാൻ തക്കവണ്ണം അയക്കേണ്ടതും അതിന ശേഷം പിന്നീടു കിട്ടുന്നതിനെ തള്ളിക്കളയുന്നതും ആകുന്നു.

൩ ലിസ്റ്റിൽ വിവരിക്കുന്നതിന മുഴുവനൊ എതാനുമൊ സാമാനങ്ങൾക്കു ദഖാസ്തു ബോധിപ്പിക്കാവുന്നതാകുന്നു. എല്ലാ ദഖാസ്തുകളോടുകൂടി അതാതു ദഖാസ്തുകളിൽ പറയുന്ന സാമാനങ്ങളുടെ ഒരു മാതൃക [illegible] ൧൯൮൧ [illegible] പൊലീസു സൂപ്രണ്ടിനു എത്തിച്ചു കൊടുക്കയും ചെയ്യേണ്ടതാകുന്നു. സാമാനങ്ങൾക്കു വയ്ക്കുന്ന വില അതാതു തിരുവനന്തപുരത്തു സൂപ്രണ്ടിന്റെ ആപ്പീസിൽ ഏല്പിക്കുന്നതു വരെ അതിന്മേലുള്ള സകല ചിലവുകളും ഉൾപ്പെട്ടിരിക്കേണ്ടതാകുന്നു.

൪. സൂപ്രണ്ടിന്റെ ആപ്പീസിൽ വച്ചു ദഖാസ്തുകൾ ബോധിപ്പിച്ചിട്ടുള്ളവരുടെ [illegible] മുമ്പാകെ [illegible] മണിക്കു ആ വക ദഖാസ്തുകൾ പൊട്ടിക്കുന്നതാകുന്നു.

൫ ആയിരം രൂപായിൽ മേൽ വിലയുള്ള സാമാനങ്ങൾക്കുള്ള ദഖാസ്തു [illegible] പണമായിട്ടൊ നോട്ടായിട്ടൊ ൫൦ രൂപാ [illegible] കെട്ടിവയ്ക്കുന്നു. [illegible] പെക്ഷിക്കുന്ന ഉടമ്പടിയെ എല്ക്കുന്നതിനു അയാൾ വിസമ്മതിച്ചാൽ ൨൦ രൂപ [illegible] ത്തെ അയാൾ ഇളന്നുകൊള്ളേണ്ടതാകുന്നു.

൬ സ്വീകരിക്കപ്പെട്ട ദഖാസ്തു ബോധിപ്പിച്ചിട്ടുള്ളവർ ദഖാസ്തു സ്വീകരിച്ച തീയതി മുതൽ ൨൦ ദിവസത്തിനകം ദഖാസ്തിൽ പറയുന്ന സാമാനങ്ങളുടെ വിലയിൽ പത്തിലൊന്നു ഭാഗം കെട്ടിവച്ചു എല്പാടിൻപ്രകാരം ശരിയായി നടന്നുകൊള്ളാമെന്നതിലെക്കു ഉടമ്പടി എഴുതി വെക്കേണ്ടതാകുന്നു.

൭ ദഖാസ്തു സ്വീകരിക്കുന്നതു ഗവൎമ്മെന്റു അനുവദിച്ചതിന്മെൽ ആയിരിക്കും.

൮. അയക്കുന്ന മാതൃകകൾക്കു വില കൊടുക്കുന്നതല്ല. എന്നാൽ അതുകളെ തിരിച്ചു അയക്കുന്നതിനുള്ള ചിലവു അയച്ചു അപെക്ഷിച്ചാൽ അങ്ങനെ അയച്ചുകൊടുക്കുന്നതായിരിക്കും. സ്വീകരിക്കപ്പെട്ട ദഖാസ്തുകളോടുള്ള മാതൃകകളെ പിന്നീടു അയക്കുന്ന സാമാനങ്ങൾ അതുകളോടു ശരിയായിരിക്കുന്നൊ എന്നു പരിശൊധിപ്പാനായി സൂപ്രണ്ടാപ്പീസിൽ വച്ചുകൊള്ളുന്നതും മാതൃകകൾക്കു തുല്യമല്ലാതെ വന്നുചേരുന്ന സാമാനങ്ങളെ സ്വീകരിക്കുന്നതല്ലാത്തതും ആകുന്നു.

൯ സാമാനങ്ങൾ ൧൯൮൧ വരുന്ന ഡിസംബർ മാസം ൧൫-നു-യൊ അതിനു മുമ്പായൊ മുതൽക്കു ഏല്പിച്ചു തുടങ്ങി ൧൯൮൧ മാൎച്ചുമാസം ൧൫-നു-കം അവസാനിപ്പിക്കേണ്ടതാകുന്നു. ൧൯൮൧ തീയതിക്കുമെൽ താമസിക്കുന്ന ഓരൊ ദിവസത്തിനു ൫ രൂപാ വീതം പിഴയൊടുക്കേണ്ടതാകുന്നു.

൧൦. വിലപ്പണം മുമ്പെറായി കൊടുക്കുന്നതല്ലാ. എന്നാൽ ഏല്പിക്കുന്ന സാമാനങ്ങളുടെ വില ഏററ തീയതി മുതൽ ൨൦ ദിവസത്തിനകം കൊടുക്കപ്പെടും.

൧൧. ഏതെങ്കിലും കരാറുകാരൻ അയാളുടെ കരാറിൽ വല്ല ഭാഗവും [illegible] തിരുന്നാൽ അയാൾ കെട്ടിവച്ചിട്ടുള്ള പണം സക്കാരിലേക്കു [illegible] വച്ചു [illegible] ഭാഗത്തെ സംബന്ധിച്ചു [illegible] സൂപ്രണ്ടിന്റെ [illegible] പ്രകാരം പരസ്യമായി ലേലം വിളിച്ചൊ [illegible] എല്പിച്ചൊ [illegible] തിൽ വച്ചുണ്ടാകുന്ന നഷ്ടങ്ങൾക്കു [illegible] സൂപ്രണ്ടിനു അധികാരമുള്ളതാകുന്നു. എന്നാൽ [illegible] ണ്ടാകുന്ന ലാഭത്തിനു [illegible] അവകാശം ഉണ്ടായിരിക്കുന്നതും അല്ല.

൧൨. ൭-ാം വകുപ്പിൽ പറഞ്ഞിട്ടുള്ള സെക്യൂരിറ്റി കരാറു മുഴുവനും നടത്തിയതിന്റെ ശേഷം അല്ലാതെ തിരിച്ചു കൊടുക്കുന്നതും അല്ല.

൧൩. ടെണ്ടറുകളെ എല്ലാമോ ഏതെങ്കിലുമോ യാതൊരു കാരണവും പറയാതെ തള്ളിക്കളയുന്നതിനു സൂപ്രണ്ടിന്റെ അധികാരം ഉള്ളതാകുന്നു എന്നു

പൊലീസു സൂപ്രണ്ടാപ്പീസ്,
തിരുവനന്തപുരം,
൧൦൮൭ സെപ്തംബർ ൧൩.

ഒ. എച്ച് ബെൻസിലി,
തിരുവിതാംകൂർ
പൊലീസു സൂപ്രണ്ടു.

നമ്പർ	ഇനം		സംഖ്യ
* ൧.	കാക്കി ഉടുപ്പു (നിക്കർബാക്കർസു)		൩൩൦൦
† ൨.	ചുവന്ന കട്ടിയാവു	ഗജം	൬൫൦൦
൩.	യൂറോപ്യൻ കാൺസ്റ്റേബിൾമാർക്കു ഹെൽമെറ്റു		൧൫
൪.	യൂറോപ്യൻ കാൺസ്റ്റേബിൾമാർക്കു ഫൊറേജ് കാപ്പു ...		൧൫
൫.	ബെൽറ്റും പ്രാഗും		൫൦൦
൬.	വാട്ടർപ്രൂഫ് കേപ്പു		൧൧൦൦
൭.	ബൂട്സ്	ജോടി	൧൦൦
൮	സാൻഡൽസ്	ജോടി	൪൫൦
൯	വിസിലും ചങ്ങലയും		൨൦൦
൧൦	കാക്കി ഹാവർസാക്		൨൯൦
൧൧	റിസവ്വായർ വലിയ ബർണറൊടുകൂടിയതു		൫൦
൧൨.	സില്ക് സാഷ് പ്രാഗൊടുകൂടിയതു		൧൦൦
൧൩.	നാഴികമണി		൭
൧൪	തൂക്കുന്ന റാന്തൽ		൧൦
൧൫	സിങ്കു തകിടുകൾ ൧൭ അം ൧൮ അം...		൧൪൬

* ൧-ാം അക്കത്തിൽ പറയുന്ന ഉടുപ്പുകൾ തയ്യൽ യന്ത്രത്തിൽ തച്ചതായിരിക്കണം. കാക്കിത്തുണി സ്പിന്നർ ആൻസു കമ്പനിക്കാരുടെ റ. ക ഷെയ്ഡ് തുണിയായിരിക്കണം.

† മുഴുവൻ പീസു തുണി വേണം. അതിന്റെ തൂക്കവും കച്ചവട അടയാളവും ഉണ്ടാക്കുന്നവരുടെ പേരുംകൂടി ഉണ്ടായിരിക്കണം.

Notice from the Division Cutcherry Kottayam.

കോട്ടയം ഡിവിഷൻ കച്ചേരിയിൽ നിന്നും

പരസ്യം ചെയ്യുന്നതു എന്തെന്നാൽ

ഈ ഡിവിഷനിൽ ചെന്ന സ്ഥലങ്ങളിൽ ൧൦൮൧ ആണ്ടു നടത്തിക്കേണ്ടതായ മരാമത്തു വേലകളെ താഴെ പറയുന്ന വ്യവസ്ഥയനുസരിച്ചു വരുന്ന തുലാമാസം ൫-നു പകൽ ൧൧ മണിക്കു കോട്ടയം ഡിവിഷൻ കച്ചേരിയിൽവച്ചു ലേലംചെയ്തു കണ്ടാക്റ്റിനു ആളെപ്പെടുത്താൻ നിശ്ചയിച്ചിരിക്കുന്നതും വേലവിവരവും അടങ്കൽ തുകയും തിരിച്ചു എഴുതീട്ടുള്ള ലിസ്തു ഇതോടു ചേൎത്തിരിക്കുന്നതുമാകുന്നു.

൧. ലേലത്തിൽ ചേരുന്നതിനു ഹാജരാകുന്ന എല്ലാപേരെയും കുറെനിരത്തി അടങ്കൽ തുകയിൽ പിന്നെ നിക്കിയുള്ള സംഖ്യയിൽ നിന്നും ലേലം ആരംഭിക്കുന്നതും കുറഞ്ഞ തുകക്കു ചൊല്ലപ്പെടുന്നവരുടെമേൽ ലേലം സ്ഥിരപ്പെടുത്തുന്നതും എന്നാൽ വേല നടത്തിക്കുന്ന വിഷയത്തിൽ യോഗ്യതയുള്ളവരും വിശ്വാസികളും ആണെന്നു ഇവിടെ ബോദ്ധ്യപ്പെടുന്നവൎക്കല്ലാതെ ലേലം സ്ഥിരപ്പെടുത്തികൊടുക്കുന്നതല്ലാത്തതുമാകുന്നു.

൨. യാതൊരു കാരണവും പറയാതെ ആരെയെങ്കിലും ലേലത്തിൽ ചേൎക്കാതെയിരിക്കുന്നതിനും ലേലത്തിൽ നിന്നും നീക്കുന്നതിനും ഇവിടെ സ്വാതന്ത്ര്യം ഉള്ളതാകുന്നു.

൩. മേൽപ്രകാരം ലേലത്തിൽ ചേരുന്ന ആളുകൾ അതിന്റെ ഉറപ്പിനായി ലേലം ആരംഭിക്കുന്നതിനു മുമ്പു പത്തു ബ്രിട്ടീഷു രൂപാ ഡിപ്പോസിറ്റു കെട്ടിവയ്ക്കേണ്ടതും ലേലം കഴിഞ്ഞ ഉടനെ ലേലത്തിൽ വിളികൊള്ളാത്ത ആളുകളുടെ ഡിപ്പോസിറ്റു തിരിച്ചു കൊടുക്കുന്നതും കുറച്ചു ചൊല്ലുകയും ലേലം സ്ഥിരപ്പെടുത്തിയ ഉടനെ മേൽപ്രകാരം ലേലത്തിൽ ചേരുന്നതിനു കെട്ടിവച്ചിട്ടുള്ള തുകക്കു പുറമെ ലേലത്തിൽ കൊണ്ട തുകക്കു നൂററിനഞ്ചുവീതം ഉള്ള ഡിപ്പോസിറ്റു കെട്ടിവയ്ക്കേണ്ടതും ലേലക്കാരാൽ ഹാജരാക്കപ്പെടേണ്ടതായ സ്റ്റാമ്പുപത്രത്തിൽ ലേലം സ്ഥിരപ്പെടുത്തപ്പെട്ടു ഒരു വാരത്തിനകം ഇക്കച്ചേരിയിൽ ഹാജരായി ഡിപ്പാൎട്ടുമെന്റു ഫാറം അനുസരിച്ചു നടന്നുകൊള്ളാമെന്നുള്ള വകക്കു ഉടമ്പടി എഴുതി വയ്ക്കേണ്ടതും അതിന്റെശേഷം ഉടനെതന്നെ ഇവിടനിന്നും അടങ്കൽ പകൎപ്പുവാങ്ങി വേല ആരംഭിച്ചു കൊള്ളേണ്ടതും ഉടമ്പടിയിൽ ക്ലിപ്തപ്പെടുത്തിയിട്ടുള്ള അവധിക്കകത്തു വേലതീൎത്തു തിരിച്ചു ബോദ്ധ്യപ്പെടുത്തേണ്ടതുമാകുന്നു.

൪. ക്ലിപ്തപ്പെടുത്തുന്ന കാലത്തിനകത്തു ഉടമ്പടി എഴുതിവയ്ക്കാതെയോ ഉടമ്പടി എഴുതി വെക്കുന്നതിലേക്കു തക്കതായ ഏതെങ്കിലും കാരണങ്ങൾ നിമിത്തം ഇടയായിട്ടില്ലെങ്കിൽ ആ വിവരം ആയവധിക്കകത്തു രേഖാമൂലം ഇവിടെ ബോധിപ്പിക്കാതെയോ ഇരുന്നാൽ ആവൎത്തിച്ചു ലേലംചെയ്തു ആളെപ്പെടുത്തി നടത്തിക്കുന്നതും അതിൽവച്ചു സൎക്കാരിലേക്കു ഉണ്ടാകുന്ന നഷ്ടം ആദ്യലേലക്കാരനിൽ നിന്നും ഈടാക്കുന്നതും ആയാൾ അതായതു (ആദ്യലേലക്കാരൻ) വച്ചിട്ടുള്ള ഡിപ്പോസിറ്റു മുഴുവനുമൊ ഏതാനുമൊ യുക്തംപോലെ പ്രായശ്ചിത്തമായി മുതൽ കൂട്ടുന്നതും ആവൎത്തിച്ചു ലേലം ചെയ്യുന്നതിൽ വച്ചു സൎക്കാരിലേക്കു വല്ല ലാഭവും ഉണ്ടാകുന്നതായാൽ അതിലേക്കു ആദ്യലേലക്കാരൻ അവകാശം പറവാൻ പാടില്ലാത്തതുമാകുന്നു.

൫. വേലകൾ നടത്തിവരുന്ന അവസരത്തിൽ ഏതെങ്കിലും വേലകൾ അടങ്കലിൽ നിന്നും ഭേദഗതിയായിട്ടൊ കൂടുതലായിട്ടൊ ചെയ്യണമെന്നു ആവശ്യപ്പെട്ടാൽ അതിലേക്കു ഉത്തരവു കൊടുക്കുന്നതുപോലെ നടത്തിക്കേണ്ടതും അങ്ങിനെ ചെയ്യുന്നതിൽവച്ചു കൂടുതൽ ചിലവു വേണ്ടിവരുന്നപക്ഷം സപ്ലിമെന്ററി അടങ്കൽവച്ചു അനുവദിക്കുന്നതും കുറവു വരുന്നതായാൽ ആയതു സൎക്കാരിൽ നിന്നും പിടിച്ചു ഈടാക്കികൊള്ളുന്നതുമാകുന്നു.

൬. വേലകളെല്ലാം ഡിപ്പാൎട്ടുമെന്റു ഫാറസ്സും ചട്ടംകെട്ടുകളനുസരിച്ചു നടത്തേണ്ടതും ഫാറസ്സു ഈ കച്ചേരിയിൽ നിന്നും വാങ്ങിക്കൊള്ളേണ്ടതുമാകുന്നു.

൭. ലേലത്തെ സംബന്ധിച്ചു ഏതെങ്കിലും വിവരങ്ങൾ മുൻകൂട്ടി അറിയണമെന്നുണ്ടെങ്കിൽ ആയതു ഈ കച്ചേരിയിൽ ഹാജരായി അറിഞ്ഞുകൊള്ളേണ്ടതാകുന്നു എന്നു

൧൦൮൧-മാണ്ടു ചിങ്ങമാസം ൩൧-നു-

ദിവാൻപേഷ്കാർ പത്മനാഭൻ തമ്പി.

ക്രമനമ്പർ	വൌച്ചർ നമ്പർ	താലൂക്ക	പണിവിവരം	അടങ്കൽപ്രകാരമുള്ളതിൽ ൮൦ ആണ്ടിവരെ ചിലവുവന്നതു കഴിച്ചുള്ള സംഖ്യ		
				രൂപാ	ച	കാ
൧	൧	വൈക്കം	ഇളംകാവു ക്ഷെത്രം അററകുററം	൩൩൦൭	൧൭	൮
൨	൨	ടി	മളക്കുളത്തു ക്ഷെത്രം അററകുററം	൨൧൮൨	൨൬	൮
൩	൭	കൊട്ടയം	പാക്കിൽ ക്ഷെത്രം അററകുററം	൪൭൧൪	൨൭	൪
൪	൯	ചങ്ങനാശ്ശെരി	വാഴപ്പള്ളി ക്ഷെത്രം അററകുററം	൬൬൯൦	൨൧	...
൫	൧൦	ടി	ശങ്കരനാരായണസ്വാമി ക്ഷെത്രം അററകുററം	൧൩൫	൫	൯
൬	൧൫	വൈക്കം	വൈക്കം ഭണ്ഡാര പുര കെട്ടുന്നതിനു	൮൯൦൭	൧൮	൫
൭	൧൯	കൊട്ടയം	കുമരകം പ്രവൃത്തി കച്ചെരി അററകുററം	൪൧൧	൧൨	൧൩
൮	൨൪	ചെർത്തല	കുത്യതൊട്ടിൽ പാലംപണി	൫൫൭	൨	൨

Notice of auction sale of certain articles.

തിരുവനന്തപുരം പണിവക മരാമത്തു കച്ചെരിയിൽ നിന്നും
പരസ്യം ചെയ്യുന്നതെന്തെന്നാൽ

ഈ പണിവക സ്റ്റോറിൽ കണക്കിൽ മുതൽകൊണ്ടു വകക്കുകൊള്ളാതെ കിടപ്പുള്ള പുള്ള ചീട്ടി മുതലായ സാമാനങ്ങളെ ലേലത്തിൽ വിൽപ്പിക്കുന്ന വകക്കു ൨൩൪ അരക്കാൽ പണം വില നിശ്ചയിച്ചു ലിസ്റ്റു സഹിതം എഴുതി ബോധിപ്പിച്ചിരിക്കുന്നതും ആ വക സാമാനങ്ങളെ ൮൧ കന്നി ൨൪൹ പകൽ ൩ മണിമുതൽ ഈ സ്ഥലത്തു വച്ചു ലേലത്തിനു വിൽപ്പിക്കുന്നതിനു നിശ്ചയിച്ചിരിക്കുന്നതുമാകുന്നു.

൨. ഈ സാമാനങ്ങളെ ലേലത്തിനു വാങ്ങുവാൻ മനസ്സുള്ള ആളുകൾ അന്നേദിവസം മുമ്പിൽകൂട്ടി സ്ഥലത്തു ഹാജരായി ലേലസമയം കൂടുതൽ തുകക്കു വിളികേൾക്കയും പണം ഉടനെ ഒടുക്കി സാമാനങ്ങൾ കൊണ്ടുപൊകയും ചെയ്യെണ്ടതും പണം ഒടുക്കുന്നതിനു മുമ്പായിട്ടു സാമാനങ്ങൾ കൊണ്ടുപൊകുന്നതിനു സമ്മതിക്കുന്നതല്ലെന്നു മാത്രമല്ലാ പിന്നീടു അവയെക്കുറിച്ചു ഏതെങ്കിലും ആക്ഷെപങ്ങളൊ തർക്കങ്ങളൊ പുറപ്പെടുവിക്കുന്നതായാൽ അതുകൾ സ്വീകരിക്കുന്നതല്ലാത്തതുമാകുന്നു.

൩. സാമാനങ്ങൾ ലേലത്തിനു വിളികേട്ടിട്ടുള്ളവർ ആരെങ്കിലും ഉടനെ പണം ഒടുക്കാതെ പിന്മാറി പൊകയൊ അവധി പറഞ്ഞു താമസപ്പെടുത്തുകയൊ ചെയ്യുന്നതായാൽ ഉടനെ ആവർത്തിച്ചു ലേലം വിളിപ്പിക്കുന്നതിനു ഇടവരുന്നതാണ.

൪. അങ്ങിനെ ലേലം വിളിപ്പിക്കുന്നതിൽ ആദ്യ ലേലത്തിനനിന്നും കുറവു വരുന്നതായാൽ ആ സംഖ്യ മുൻ ലേലക്കാരനിൽ നിന്നും വസൂൽ ചെയ്യുന്നതും കൂടുതൽ വരുന്നതായാൽ അതിനെപ്പററി ആദ്യലേലക്കാരൻ അവകാശം പറഞ്ഞുകൂടാത്തതുമാകുന്നു.

൫. മേൽപറഞ്ഞ സാമാനങ്ങളെ ലേലം ചെയ്യുന്നതിനു മുമ്പു ആൎക്കെങ്കിലും കാണണമെന്നുള്ള പക്ഷം സ്ഥലത്തു ഹാജരായി നൊക്കിക്കൊള്ളാമെന്നുള്ളതാകുന്നു എന്നു

൧൦൮൦ വൃശ്ചികമാസം ൩൹

പണിവക മരാമത്തു കാര്യംവിചാരിക്കുന്ന
അമിനാദാർ ചന്ദ്രശെഖരപിള്ള.

കുളംമരാമത്തു കച്ചെരിയിൽ നിന്നും പരസ്യം ചെയ്യുന്നതെന്തെന്നാൽ

പത്മനാഭപുരം കൊട്ടാരത്തിലെ കറി മടപ്പള്ളി പൊളിച്ചു ലെലത്തിൽ വിൽപ്പിക്കുന്നതിന ഉത്തരവുണ്ടായതിനുണ്ണം ആ വക സാമാനങ്ങളെ ൧൦ം മാസം ൧൩൧൩-ലെലത്തിൽ വിൽപ്പിക്കുന്നതിന പരസ്യം അയച്ചു എഴുതി ബൊധിപ്പിച്ചാറെ അവധി വളരെ സമീപിച്ചുപൊയതായി കാണുകയാൽ വെറെ അവധി നിശ്ചയിച്ചു എഴുതി ബൊധിപ്പിക്കണമെന്ന ൧൦൮൧ ാമതു നമ്പർ ൧൦൩൩- എഴുതിയ ഉത്തരവു വന്നിരിക്കകൊണ്ടു ൧൦ം മാസം ൧൩൩- ആ സ്ഥലത്തുവച്ചു ലെലം വിളിപ്പാൻ നിശ്ചയിച്ചിരിക്കുന്നു കൂടുതൽ തുകക്കു ശ്വകരം പൊലെ സ്ഥിരപ്പെടുത്തുന്നതാണ സ്ഥിരപ്പെട്ടവർ ഉടൻ പണം കെട്ടി വൈക്കയും സാമാനം കൊണ്ടുപൊകയും ചെയ്യെണ്ടതാണ പണം കെട്ടി വൈക്കാതെയൊ മററൊ വിഴ്ച വരുത്തിയാൽ ആവർത്തിച്ചു ലെലം വിളിപ്പാനും അതിൽ വച്ചുണ്ടാകുന്ന നഷ്ടം ആദ്യലെലക്കാറനിൽ നിന്നും ഈടാക്കാനും ഇടവരുന്നതാണ ലാഭമുണ്ടെങ്കിൽ ആദ്യലെലക്കാറന അവകാശപ്പെടുന്നതല്ലാ.

എന്ന ൧൦൮൧ ാമാണ്ടു ചിങ്ങമാസം ൧൩൩-

വി. അനന്തനാരായണയ്യൻ,
സുപ്രവൈസർ.

Notices of unclaimed properties.

നമ്പർ ൧൩൧

തിരുവനന്തപുരം ടൌൺ രണ്ടാം ക്ലാസ്സ മജിസ്ത്രെട്ട കൊടതിയിൽ നിന്നും
പരസ്യം ചെയ്യുന്നതു എന്തെന്നാൽ

ഉടമസ്ഥനെ നിശ്ചയമില്ലാതെ കടപ്പുറത്തു ഭഗവതി ക്ഷെത്രത്തിന സമീപം കെട്ടിയിട്ടുള്ള ഓലപ്പുരയുടെ ൧ൻ വശം മൈതാനത്തിൽ കിടന്നു കണ്ടെടുത്തു പൂന്തുറ സ്റ്റെഷനാപ്പിസരുടെ റിപ്പൊർട്ട സഹിതം ഹാജരാക്കി കൊടുക്കുകയും സ്റ്റെഷനിൽ അയച്ചു സൂക്ഷിപ്പിച്ചിട്ടുള്ള എട്ടു (൮) കമ്പിയിൽ സില്ക്ക കറുത്ത തുണി ഇട്ടിട്ടുള്ളതും മരക്കാലിൽ ഉണ്ട കൈപിടിയൊടുകൂടിയതും ഉദ്ദെശം മൂന്നര (൩ൺ) പണം വിലവരുന്നതുമായ ഒരു കുടക്കു ഉടയക്കാറരായി ആരെങ്കിലും ഉണ്ടായിരുന്നാൽ ഈ പരസ്യത്തിലെ തീയതി മുതൽ ഒരു മാസത്തിനകം ഹാജരായി ബൊധിപ്പിച്ചു തെളിച്ചു കൊടുത്തു വാങ്ങിക്കൊള്ളെണ്ടതാകുന്നു.

അതിനുണ്ണം ചെയ്യാത്തപക്ഷം അവധി കഴിഞ്ഞാൽ ഉടനെ മുറപ്രകാരം ലെലത്തിൽ വില്പിച്ചു ഈടാകുന്ന പണം സർക്കാരിലെക്ക മുതൽകൂട്ടപ്പെടും എന്ന ൧൦൮൧ ാമാണ്ടു ചിങ്ങമാസം ൨൦൩-

രണ്ടാം ക്ലാസ്സ മജിസ്ത്രെട്ട
പി. ശങ്കരലിംഗംപിള്ള

നമ്പർ ൨൩൭

൧൦൮൧ ആടി ൨൧൩-

കൊട്ടയം താലൂക്ക കച്ചെരിയിൽ നിന്നും
പരസ്യംചെയ്യുന്നതു എന്തെന്നാൽ

അപ്പൊത്തിക്കരിയായിരുന്നു മരിച്ചുപൊയ മാത്തന ശമ്പളം വകയിൽ ചെല്ലാനുള്ള പണം കൊടുപ്പിക്കണമെന്ന ഭാര്യ വിജയപുരം പനയകഴിപ്പു കരയിൽ പൊകടിയിൽ മാത്തനമറിയം ബൊധിപ്പിച്ചതിലെക്ക അവകാശവിചാരണ നടത്തിയിരിക്കകൊണ്ടു ഇതിനെപ്പററി ന്യായമായ തടസ്ഥമൊ ആ ലാധിക്കാറരൊ ഉണ്ടായിരുന്നാൽ പരസ്യം ഗസെററിൽ പ്രസിദ്ധപ്പെടുത്തുന്ന നാൾ മുതൽ ൩൦ ദിവസത്തിനകം ഈ കച്ചെരിയിൽ ഹാജരായി ബൊധിപ്പിക്കെണ്ടതാകുന്നു. അവധി കഴിഞ്ഞു വരുന്ന ആവലാധിയെ സ്വീകരിക്കുന്നതല്ലാ.

തഹശീൽദാർ സി. ഗൊവിന്ദപ്പിള്ള.

உ௩

செங்கோட்டை தாலூக்கு கசேரியில் இருந்து பரஸ்யம் செய்யுந்தது என்னென்றால்

புளியரை மணியத்தில் மங்கலப்புரத்தில் வடக்கே ஒருங்கு இருக்கும் வீட்டுக்கு அடியபாதான் முத்தவன்சுவாமியாபிள்ளை வீட்டு இல்லாமல் ஊருக்கு போகும் அவிலக்கு ஒரு நத்தமாக ஒரு அடிகளை இனத்திலுள் மரிக்க இடமாவைதே வா தாம்பு படிதா வசுகள் உண்டாயிருக்கின்ற மணியத்தில் இருந்து வெலிக்க பெறப்பட்டிருக்கிறது அதிலேக்கு அவகாசக்காரருண்டாயிருந்தால் ௩௦ தினத்திற்குள் இக்கச்சேரியில் ஹாஜராகி போதிப்பிக்க வேண்டியது அல்லாதாகும் அப்படி இல்லாதே அதுக்கு பின் வேலத்தில் விற்பு வரும் முதலிலே அரசாங்கத்தில் சேர்க்குமென்று தெரியப்படுத்துகிறது

௧௦௮௧ ஆவணி ௩௨௨.

தாசில்தார் பி. எ. கிருஷ்ணய்யன்.

பிச்சாண்டியில் ௫ பலம் உள்ள செம்பு ௧
௩ பலத்தில் வெள்ளிய கட்டு. ௧

NOTICE.

Tenders are invited for the purchase of about 90 decayed Casuarina or other trees at present standing within the limits of the Quilon Town. The successful tenderer will be required to cut and remove all the trees pointed out to him by the Quilon Sub-Division Officer of the P. W. D. within two months of the date of acceptance of his tender and fill in all holes and level the ground where trees have been removed. He will be required to deposit a sum of Rs. 10 when submitting his tender. In the event of his tender not being accepted his security will be returned, but in the event of acceptance, the deposit will be retained until all the trees have been removed to the satisfaction of the Division Officer. Payment for the trees must be made at the Division Office within a week from date of acceptance of the tender, and the tender should state clearly the price offered per one tree. Failure in this respect will entitle the Division Officer to accept any other tender, sell the trees in auction or make any other arrangement he considers desireable for their disposal; in such case the person whose tender has first been accepted will not be entitled to the refund of his deposit. Tenders should be received in the Division Office on or before 30th September. The highest tender will be accepted.

22nd July, 1905.

J. J. JACOB,
Executive Engineer.

കൊല്ലം എക്സിക്യൂട്ടിവ് എഞ്ജിനീയരാഫീസിൽ നിന്നും
പരസ്യം ചെയ്യുന്നതെന്തെന്നാൽ

കൊല്ലം ടൌൺ അതിൎത്തിക്കകത്തു നില്ക്കുന്നതും പട്ടുപോയിട്ടുള്ളതുമായ ഉദ്ദേശം ൯൦ കാററാടി മുതലായ ചാലവൃക്ഷങ്ങൾ വിലയ്ക്കു വാങ്ങിക്കാൻ മനസ്സുള്ള ആളുകൾ ഈ ആഫീസിലേക്കു ദരഖാസ്തുകൾ അയക്കേണ്ടതാണ്. സ്വീകരിക്കപ്പെടുന്ന ദരഖാസ്തുകാരൻ കൊല്ലം ഡി. പി. ഡബ്ലിയു. സബ്ഡിവിഷൻ ആഫീസർ കാണിച്ചുകൊടുക്കുന്ന മരങ്ങളെ ദരഖാസ്തു സ്വീകരിക്കപ്പെടുന്ന തീയതി മുതൽ രണ്ടു മാസത്തിനകം മുറിപ്പിച്ചു മാററുന്നതും ആ സ്ഥലങ്ങളിൽ ഉണ്ടാകുന്ന കുഴികൾ ഉടൻതന്നെ നികത്തി നിരപ്പുവരുത്തേണ്ടതും ആകുന്നു. ഓരോ ദരഖാസ്തും ൧൦ രൂപാ ഡെമണിയോടുകൂടി അയക്കേണ്ടതും സ്വീകരിക്കപ്പെടാത്ത ദരഖാസ്തുകാരുടെ ഡെമണി ഉടൻതന്നെ തിരികെ കൊടുക്കപ്പെടുന്നതുമാണ്. സ്വീകരിക്കപ്പെട്ട ദരഖാസ്തുകാരൻെറ ഡെമണി മരങ്ങളെല്ലാം ഡിവിഷനാഫീസർക്കു തൃപ്തിതോന്നത്തക്ക വിധത്തിൽ മുറിച്ചു മാററുന്നതുവരെ വച്ചുകൊള്ളുകയും ചെയ്യും. ദരഖാസ്തു സ്വീകരിച്ചാൽ ഒരാഴ്ചക്കകം ദരഖാസ്തിൽ പറയുന്ന വില മുഴുവനും ഈ ആഫീസിൽ ഒടുക്കേണ്ടതുമല്ലാതെ വൃക്ഷം ഒന്നുക്കു ഇന്ന വില തന്നുകൊള്ളാമെന്നു ദരഖാസ്തിൽ സ്പഷ്ടമായി പറഞ്ഞിരിക്കേണ്ടതുമാകുന്നു. ഇതിൻപ്രകാരമല്ലാതെ വീഴ്ചവരുത്തുന്നതായാൽ വൃക്ഷങ്ങളെ ലേലംചെയ്തോ, വേറെ ദരഖാസ്തു സ്വീകരിച്ചോ അല്ലാത്തപക്ഷം ഡിവിഷൻ ആഫീസർക്കു യുക്തമെന്നുതോന്നുന്ന വേറെ വല്ല ഏർപ്പാടുചെയ്തോ വില്ക്കുന്നതും അങ്ങനെ വന്നാൽ ആദ്യം സ്വീകരിക്കപ്പെട്ട ദരഖാസ്തുകാരൻെറ ഡെമണിപ്പണം അയാൾക്കു തിരികെ കിട്ടുവാൻ അവകാശമില്ലാതെയാകുന്നതുമാണ്. ദരഖാസ്തുകൾ ഈ വരുന്ന സെപ്തംബർ മാസം ൩൦-ക്കകം ഈ ആഫീസിൽ എത്തിയിരിക്കേണ്ടതും കൂടുതൽ തുകക്കുള്ള ദരഖാസ്തുമാത്രം സ്വീകരിക്കപ്പെടുന്നതുമാകുന്നു.

എക്സിക്യൂട്ടിവ് എഞ്ജിനിയർ
ജെ. ജെ. ജെക്കബ്. (ഒപ്പു)

Notice to Mariners.

India—Malabar Coast—Alleppey.

It is hereby notified, for the information of mariners, that the Monsoon Port at South Vazhapuram is closed and the Port re-opened at Alleppey.

The buoys will be replaced shortly, of which due notice will be given.

Port Office,
Alleppey, 21st August, 1905.

P. M VARKKI,
Port Officer.

കുന്നത്തൂർ സബ് രജിസ്ട്രാർ കച്ചേരിയിൽ രജിസ്തർ ചെയ്തതിൽ ചോദിക്കാവുന്ന ആധാരങ്ങളുടെ വിവരം

൧൦൮൧-മാണ്ടത്തെ രജിസ്ട്രേഷൻ റെഗുലേഷൻ പ്രകാരം പ്രസിദ്ധം ചെയ്യുന്ന പരസ്യം.

ആധാരം ഹാജരായ — കൊല്ലം	മാസം	തീയതി	രജിസ്തർ ചെയ്യപ്പെട്ടതിന്റെ തീയതി — കൊല്ലം	മാസം	തീയതി	പുസ്തകം	നമ്പർ	ആധാരം രജിസ്തർ ചെയ്യപ്പെട്ട വിധം	ആധാരം എഴുതിക്കൊടുത്ത കക്ഷിയുടെ പേരും വിവരവും	ആധാരം എഴുതിവാങ്ങിയ കക്ഷിയുടെ പേരും വിവരവും	ആധാരം ഹാജരാക്കിയ കക്ഷിയുടെ പേരും വിവരവും	ആധാരത്തിന്റെ മാതൃക
൧൦൮൦	കംഭം	൧൧	൧൦൮൦	കംഭം	൧൧		൧൩൦൧	രജിസ്തർ ചെയ്തു	പള്ളിക്കൽ പ്രവൃത്തിയിൽ കുന്നത്തൂക്കര മുറിയിൽ കൊത്തുവെത്തു വീട്ടിൽ നാരായണൻ കൊച്ചുകുഞ്ഞ്	പള്ളിക്കൽ പ്രവൃത്തിയിൽ മെല്പെട്ട മുറിയിൽ കല്ലിക്കവിളയിൽ യോഹന്നാൻ	എഴുതിക്കൊടുത്ത നാരായണൻ കൊച്ചുകുഞ്ഞ്	സ്വാവവസ്തു സംബന്ധിച്ചു കൈമാറ്റം എഴുതിയിട്ടുള്ള ഉടമ്പടി
		൧൪			൧൪		൧൩൭൫		കുന്നത്തൂർ പ്രവൃത്തിയിൽ മണ്ണടിയിൽ കിഴക്കുമേൽ മണ്ണടി മുറിയിൽ പടിഞ്ഞാറെ പാലവിളയിൽ അബ്ദുറഹിമാൻ കറുത്തകാതി	കുന്നത്തൂർ പ്രവൃത്തിയിൽ മണ്ണടിയിൽ കിഴക്കേ കരയിൽ കിഴക്കെ ഉറുമ്പിൽ മാതേവൻ പിള്ള മാതേവൻ മാതേവൻ	എഴുതിവാങ്ങിയ കക്ഷിയായ മാതേവൻ	സ്വാവവസ്തു സംബന്ധിച്ച് ബോധിപ്പിച്ച രൂപാ പണയമായി എഴുതിയിട്ടുള്ള ഒറ്റി പണയ ആധാരത്തിന്റെ പകർപ്പ്
	മിഥുനം	൧൭		മിഥുനം	൧൭		൨൧൩൫		ഏനാത്തിമംഗലം പ്രവൃത്തിയിൽ തെക്കൻ മുറിയിൽ പ്ലാവിളയിൽ കൊശി പിലിപ്പോസ്	ഏനാത്തിമംഗലം പ്രവൃത്തിയിൽ ആകാശിക്കര മുറിയിൽ താവളത്തിൽ മാത്തൻ ഇടിച്ചാണ്ടി	എഴുതിവാങ്ങിയ കക്ഷിയായ മാത്തൻ ഇടിച്ചാണ്ടി	സ്വാവവസ്തു സംബന്ധിച്ച് ൭൦ ബോധിപ്പിച്ച രൂപാ പണയമായി എഴുതിയിട്ടുള്ള ഒറ്റി പണയ ആധാരത്തിന്റെ പകർപ്പ് എഴുതിയ ആധാരം

൧൦൮൧ മാണ്ട് ഇടവമാസം ൨-നു

സബ് രജിസ്ട്രാർ കെ. എം. ...

ചാത്തന്നൂർ സബ്ബ് രജിസ്ട്രാർ കച്ചേരിയിൽ രജിസ്റ്റർ ചെയ്യുന്നതിന് [illegible] ആധാരങ്ങൾ [illegible]
൧൦൭൫-ാമാണ്ടത്തെ ൨൦-ാം നമ്പ്ര് വകുപ്പിൽ വിവരിച്ചിരിക്കുന്നതനുസരിച്ചുള്ള പരസ്യം.

ആധാരം ഹാജരാക്കിയ ആണ്ട്	മാസം	തീയതി	ആധാരം രജിസ്റ്റർ ചെയ്യുകയോ നിഷേധിക്കുകയോ ചെയ്ത ആണ്ട്	മാസം	തീയതി	പുസ്തകം	നമ്പ്ര്	ആധാരം രജിസ്റ്റർ ചെയ്തതോ നിഷേധിച്ചതോ എന്നു	ആധാരം എഴുതിക്കൊടുത്ത കക്ഷിയുടെ പേരും വിവരവും	ആധാരം എഴുതിവാങ്ങിയ കക്ഷിയുടെ പേരും വിവരവും	ആധാരം ഹാജരാക്കിയ കക്ഷിയുടെ പേരും വിവരവും	ആധാരത്തിന്റെ ചുരുക്കം
൧൦൯൦	ഇടവം	൩	൧൦൯൦	ഇടവം	൩	൧	൨൬൩	രജിസ്റ്റർ ചെയ്തു	ഇരവിപുരം അധികാരത്തിൽ തെക്കെവിള ചെരിയിൽ പുത്തൻവീട്ടിൽ കണക്ക ഗോവിന്ദപ്പിള്ള അയ്യപ്പൻപിള്ള	ഇരവിപുരം അധികാരത്തിൽ തെക്കെവിള ചെരിയിൽ കൊടിക്കാട്ട പുരയിടത്തിൽ ചെല്ല ബ്രഹ്മാൻ	എഴുതിവാങ്ങിയ കക്ഷിയായ ചെല്ല ബ്രഹ്മാൻ	സ്ഥാവര വസ്തു സംബന്ധിച്ചുള്ള ഒരു പണയ ആധാരപ്രകാരം ൭൦൦ പണം പററിക്കൊണ്ട് എഴുതിക്കൊടുത്ത ഒരു പുറത്തെഴുത്താധാരം

൧൦൯൦-ാമാണ്ട് മിഥുനമാസം ൩൧-

വെല്ലു ചെല്ലപ്പൻ വറുഗീസ്.

കുന്നത്തൂർ സബ്ബ രജിസ്ത്രാർ കച്ചേരിയിൽ രജിസ്റ്റർ ചെയ്തിട്ടു മടക്കാതെ കിടപ്പുള്ള ആധാരങ്ങളുടെ

വകക്ക ൧൦൭൯ ാമാണ്ടത്തെ മൂന്നു നാം വകുപ്പനുസരിച്ചു എഴുതിയ പരസ്യം

ആധാരം ഹാജരാക്കിയ			രജിസ്റ്റർ ചെയ്കയോ നിഷേധിക്കയോ ചെയ്ത					ആധാരം രജിസ്റ്റർ ചെയ്കയോ നിഷേധിക്കയോ ചെയ്തതെന്ന	ആധാരം എഴുതിക്കൊടുത്ത കക്ഷിയുടെ പേരും വിവരവും	ആധാരം എഴുതി വാങ്ങിയ കക്ഷിയുടെ പേരും വിവരവും	ആധാരം ഹാജരാക്കിയ കക്ഷിയുടെ പേരും വിവരവും	ആധാരത്തിന്റെ ചുരുക്കം
കൊല്ലം	മാസം	തീയതി	കൊല്ലം	മാസം	തീയതി	പുസ്തകം	നമ്പ്ര					
[illegible]	[illegible]	൨൪	൧൦൮൦	ചിങ്ങം	൨൪		൨൩൧൩	രജിസ്റ്റർ ചെയ്തു	പൊരുവഴി പ്രവൃത്തിയിൽ തേവലക്കാട്ടു കിഴക്കേക്കര മുറിയിൽ മല്ലപ്പള്ളിൽ ൨൦ ... ത്തിൽ കണ്ടൻ മാധവര	പൊരുവഴി പ്രവൃത്തിയിൽ തേവലക്കാട്ടു പടിഞ്ഞാറേക്കര മുറിയിൽ കറ്റിവിളയിൽ വറീതു യോഹന്നാൻ മുതൽപേര	എഴുതിക്കൊടുത്ത കക്ഷിയായ കണ്ടൻ മാധവര	...വസ്തു സംബന്ധിച്ചു ൭൦൦ പണത്തിനു എഴുതിയിട്ടുള്ള ഒററിയം കഴിമാണവും ആധാരം
	[illegible]	൩		[illegible]	൩		൨൩൭൪		പടിഞ്ഞാറ്റിൻകര പ്രവൃത്തിയിൽ തൊളിക്കൽ മുറിയിൽ ...ള്ളിലെത്തു വീട്ടിൽ കൊച്ചുമാൻ കാളി ലക്ഷ്മി മുതൽപേര	...വടക്കേക്കര പ്രവൃത്തിയിൽ ...മുറിയിൽ ...ശങ്കരൻ സുബ്രഹ്മണ്യൻ	എഴുതിവാങ്ങിയ കക്ഷിയായ ...സുബ്രഹ്മണ്യൻ	...വസ്തു സംബന്ധിച്ചു ൫൦൦ പണം പറവുണ്ടായി എഴുതിയിരിക്കുന്ന ഒരു പണയ ആധാരത്തിന്റെ പുറത്തെഴുത്തു ആധാരം

൧൦൮൦ ാമാണ്ടു ചിങ്ങമാസം ൩൧നു.

സബ്ബ രജിസ്ത്രാർ കെ. എം. കൊച്ചു.

വൈക്കം സബ്ബ രജിസ്ട്രാർ കച്ചേരിയിൽ രജിസ്റ്റർ ചെയ്യുന്നതിൽ ചൊദിക്കാതെ കിടപ്പുള്ള ആധാരങ്ങളുടെ വകയ്
൧൦൮൭ ാമാണ്ടത്തെ രജിസ്ത്രേഷൻ റൂൾ ൩ാം വകുപ്പിൽ വിവരിച്ചിരിക്കുന്നതനുസരിച്ചു എഴുതി [illegible]

ആധാരം ഹാജരാക്കിയ			ആധാരം രജിസ്റ്റർചെയ്കയൊ നിഷേധിക്കയൊ ചെയ്ത					ആധാരം രജിസ്റ്റർ ചെയ്തതൊ നിഷേധിച്ചതൊ എന്ന്	ആധാരം എഴുതി കൊടുത്ത കക്ഷിയുടെ പെരും വിവരവും	ആധാരം എഴുതിവാങ്ങിയ കക്ഷിയുടെ പെരും വിവരവും	ആധാരം ഹാജരാക്കിയ ആളിന്റെ പെരും വിവരവും	ആധാരത്തിന്റെ ചുരുക്കം
ആണ്ട	മാസം	തീയതി	ആണ്ട	മാസം	തീയതി	പുസ്തകം	നമ്പ്ര					
		൩			൩	൧	൩൨൨൪		മണകുന്നം പ്രവൃത്തിയിൽ ഏനാതി മുറിയിൽ രാങ്കാമടത്തിൽ വീട്ടിൽ രാമൻ കെശവൻ മുതൽപെരു	ടി പ്രവൃത്തിയിൽ തെക്കുംഭാഗം മുറിയിൽ മഠത്തിവീട്ടിൽ കൃഷ്ണൻ പരമീശ്വരൻ മുതൽപെരു	ടി മടത്തിവീട്ടിൽ നാരായണി പാപ്പി	സ്ഥാവരവസ്തു സംബന്ധിച്ചു എഴുതിയിട്ടുള്ള പാട്ടച്ചീട്ട
൧൦൯൦	മേടം	൨൨	൧൦൯൦	മേടം	൨൨	൧	൩൨൩൩	രജിസ്റ്റർ ചെയ്തു	വെച്ചൂ പ്രവൃത്തിയിൽ തൊട്ടുംകരയിൽ പടിഞ്ഞാറെ പുന്നക്കരിയിൽ അയ്യൻ അയ്യൻ	വടക്കുംമുറി പ്രവൃത്തിയിൽ കണ്ണുകെട്ടുശ്ശെരി മുറിയിൽ മെക്കെ ആയാംകുഴികൊട്ട നിന്നും തൊട്ടകം കരയിൽ തൈവരാണിയിൽ പാക്കം കുഞ്ഞി കുഞ്ഞമ്മ മുതൽ പെരു	ടി മെക്കെ ആയാംകുഴികൊട്ട നിന്നും തൈവരാണിയിൽ പാക്കം കണ്ടൻ അയ്യൻ	സ്ഥാവരവസ്തു സംബന്ധിച്ചു ൭൨ ബ്രിട്ടീഷ് രൂപായ്ക്കു എഴുതിയിട്ടുള്ള ചിട്ടി ഉടമ്പടി

൧൦൯൦ ാമാണ്ട ഇടവമാസം ൨൧നു

സബ്ബ് രജിസ്ട്രാർ എം. ആർ. കൃഷ്ണപിള്ള.

കൊല്ലം സബ്ബ രജിസ്ത്രാർ കച്ചേരിയിൽ രജിസ്റ്റർ ചെയ്തതിൽ ചോദിക്കാതെ കിടപ്പുള്ള ആധാരങ്ങളുടെ വകക്കു ൧൦൬൭-ലെ ... രജിസ്ട്രേഷൻ റൂൾസ ൩൩ ാം വകുപ്പിൽ വിവരിച്ചിരിക്കുന്നതനുസരിച്ച് എഴുതിയ ലിസ്റ്റ്.

ആധാരം ഹാജരാക്കിയ			ആധാരം രജിസ്റ്റർ ചെയ്കയോ നിഷേധിക്കയോ ചെയ്ത					ആധാരം രജിസ്റ്റർ ചെയ്ത പുസ്തകവും വാലിയവും	ആധാരം എഴുതികൊടുത്ത കക്ഷികളുടെ പേരും വിവരവും	ആധാരം എഴുതിവാങ്ങിയ കക്ഷികളുടെ പേരും വിവരവും	ആധാരം ഹാജരാക്കിയ കക്ഷികളുടെ പേരും വിവരവും	ആധാരത്തിന്റെ ചുരുക്കം
ആണ്ട	മാസം	തിയതി	ആണ്ട	മാസം	തിയതി	പുസ്തകം	നമ്പർ					
൧൦൮൦	മിഥുനം	൩	൧൦൮൦	മിഥുനം	൩		൧൭൩൯	ഒന്നാം പുസ്തകം	പെരിനാട്ട പ്രവൃത്തിയിൽ കാഞ്ഞിരംകോട്ട മുറിയിൽ ചരുകുവിള പുരയിടത്തിൽ കൃഷ്ണൻ ശമ്മകാറൻ മകൻ വറിഉ	ടി മുറിയിൽ ചെറുകോട്ട ശീയം പുരയിടത്തിൽ കൃഷ്ണപിള്ള അനന്തൻ മകൻ മാത്തായൻ ലൊപ്പിസ്	ടി മാത്തായൻ ലൊപ്പിസ്	൧൦൭൭ ൽ ൧൨൫൨ ാം നമ്പരായി രജിസ്റ്റർ ചെയ്ത പണയാധാരപ്രകാരം ആയിരത്തി പണം പററി ടി പത്രത്തിൽ എഴുതികൊടുത്ത രസീത
		൧൩			൧൩	൧	൧൭൯൧		ടി പ്രവൃത്തിയിൽ ടി മുറിയിൽ പാറയഴികം പുരയിടത്തിൽ കൃഷ്ണൻ അനന്തൻ മകൻ പ്രഞ്ചിസ്സ്	ടി മുറിയിൽ ചരുകുപള്ളിവിള പുരയിടം ഒന്നായ മംഗലാവഴികം പുരയിടത്തിൽ കൃഷ്ണൻ പ്രഞ്ചിസ് മകൻ ശവരിയർ	ടി ശവരിയർ	൩൦൧ പണത്തിനുള്ള ഒഴിവുകുറി
		൧൭			൧൭		൧൮൦൩		കൊല്ലം അധികാരത്തിൽ ആണ്ടാമുക്കത്ത് ചെറിയ പുത്തൻ വീട്ടിൽ ശ്രീ പാർവതി മകൻ കൃഷ്ണൻ	ടി അധികാരത്തിൽ ടി ചെറിയ കല്യാണ്യ ശിവശങ്കരം വീട്ടിൽ പിള്ള മകൻ ശിവസുബ്രഹ്മണ്യപിള്ള	ടി ശിവസുബ്രഹ്മണ്യപിള്ള	൩൦൦ ഉറുപ്പികയുടെ പണയാധാരവും ...

൧൦൮൦ മിഥുനമാസം ൩൧-ാം തീയതി.

സബ്ബ രജിസ്ത്രാർ എച്ച്. കുഞ്ഞയ്യൻ.

ചേർത്തല സബ്ബ് രജിസ്ത്രാർ കച്ചേരിയിൽ രജിസ്റ്റർ ചെയ്യതിൽ ചോദിക്കാതെ കിടപ്പുള്ള ആധാരത്തിന്റെ ൧൦൭൫-ാമാണ്ടത്തെ രജിസ്ട്രേഷൻ റൂൾസ് ൩൩-ാം വകുപ്പനുസരിച്ചുള്ള ലിസ്റ്റ്

ആധാരം ഹാജരാക്കിയ — ആണ്ട	മാസം	തിയതി	ആധാരം രജിസ്റ്റർ ചെയ്യുകയോ നിഷേധിക്കയോ ചെയ്ത — ആണ്ട	മാസം	തിയതി	പുസ്തകം	നമ്പർ	ആധാരം രജിസ്റ്റർ ചെയ്യപ്പെട്ടതോ നിഷേധിക്കപ്പെട്ടതോ എന്ന	ആധാരം എഴുതിക്കൊടുത്ത കക്ഷിയുടെ പേരും വിവരവും	ആധാരം എഴുതിവാങ്ങിയ കക്ഷിയുടെ പേരും വിവരവും	ആധാരം ഹാജരാക്കിയ കക്ഷിയുടെ പേരും വിവരവും	ആധാരത്തിന്റെ ചുരുക്കം
൧൦൮൦	കുംഭം	൧൮	൧൦൮൦	കുംഭം	൧൮	൧	൨൩൩൨	രജിസ്റ്റർ ചെയ്തു	പൊള്ളയിൽ പൈലൊ അവുസെപ്പ	തുറയിൽ അയ്യപ്പൻ കണ്ട	ടി പൈലൊ അവുസെപ്പ	൩൫ പണത്തിനുള്ള ഒഴിവാധാരം
	മീനം	൧		മീനം	൧		൩൦൮൯		കരഞ്ചിശെരിലായ വെളിയിൽ പുരയിടത്തിൽ കൊച്ചുപിള്ള കുഞ്ഞൻ മകൻ പെരു	പടിഞ്ഞാറെ വീട്ടിൽ തെയ്യ വാവ മൈതീൻ കുഞ്ഞു	ടി കൊച്ചുപിള്ള കുഞ്ഞൻ	൧൫൦൦ ബ്രിട്ടീഷ് രൂപാക്കുള്ള പറവാട്ടു ആധാരം
	മെടം	൨൦		മെടം	൨൦		൩൯൭൨		അറ്റുചെരിൽ അവുസെപ്പ അവുസെപ്പ	നടക്കൽ നിന്നും നെയ്യാറ്റുള്ളിൽ ഇത്താക്ക അവുസെപ്പ	ടി അവുസെപ്പ അവുസെപ്പ	൨൫ ബ്രിട്ടീഷ് രൂപാക്കുള്ള പറവാട്ടു ആധാരം
	ടി	൨൭		ടി	൨൭		൩൨൪൭		വടാതൊട്ടത്തു വീട്ടിൽ കണക്ക നാരായണൻ ഗൊപാലൻ	കവകശെരിൽ നിന്നും നടുവിലെഴത്തു വീട്ടിൽ നാരായണൻ നാരായണൻ	ടി നാരായണൻ നാരായണൻ	൧൭ അര പണത്തിനുള്ള ഒഴിവാധാരം

൧൦൮൦-ാമാണ്ട ഇടവം ൧൮-നു.

സബ്ബ് രജിസ്ത്രാർ (ഒപ്പ്) ...

ചവറ സബ്ബ് രജിസ്ട്രാർ കച്ചേരിയിൽ രജിസ്റ്റർ ചെയ്തതും ചോദിക്കാതെ കിടപ്പുള്ളതുമായ ആധാരങ്ങളുടെ [illegible]
൧൦൭൮ാ മാണ്ടത്തെ റഗുലേഷൻ ൩ാം വകുപ്പിൽ നിശ്ചയിച്ചിരിക്കുന്നതനുസരിച്ചുള്ള ലിസ്റ്റ്.

ആധാരം ഉണ്ടാക്കിയ: ആണ്ട്	മാസം	തിയതി	ആധാരം രജിസ്റ്റർ ചെയ്കയോ നിരോധിക്കയോ ചെയ്ത: ആണ്ട്	മാസം	തിയതി	പുസ്തകം	നമ്പർ	ആധാരം രജിസ്റ്റർ ചെയ്യുകയോ നിരോധിക്കയോ ചെയ്ത ആഫീസ്	ആധാരം എഴുതികൊടുത്ത ആളിന്റെ പേരും വിവരവും	ആധാരം എഴുതി വാങ്ങിയ ആളിന്റെ പേരും വിവരവും	ആധാരം ഹാജരാക്കിയ ആളിന്റെ പേരും വിവരവും	ആധാരത്തിന്റെ ചുരുക്കം
൧൦൮൦	മീനം	൧൯	൧൦൮൦	മീനം	൧൩		൧൪൪	[illegible]	നീണ്ടകര മുറിയിൽ കൊന്നയിൽ നമ്പുകാളി നിലകണ്ഠൻ	നീണ്ടകര മുറിയിൽ ആക്കാച്ചേരിൽ വീട്ടിൽ കണക്ക കണ്ണൻ പത്മനാഭൻ	ടിയിൽ നമ്പുകാളി നിലകണ്ഠൻ	[illegible] ബ്രിട്ടീഷ് രൂപാ കൂലിയായി ൧൫൦ കലി പണം [illegible] വില വരുന്ന കെട്ടും [illegible] എഴുതികൊടുത്ത കുലിച്ചീട്ട്
	മേടം	൩		മേടം	൩	൧	൧൭൩൫		പുതുക്കാട്ട മുറിയൽ തൈക്കൂട്ടത്തിൽ കണ്ണുമ്മിരാ ഉമ്മാത്തുമ്മാ	ടിയിൽ [illegible] ആസ്യാഉമ്മാ	ടി കണ്ണുമ്മിരാ ഉമ്മാത്തുമ്മാ	[illegible] സംബന്ധിച്ച ൧൫൦ പണത്തിന് എഴുതി കൊടുത്ത [illegible]
	ഇടവം	൭		ഇടവം	൩	൧	[illegible]		നെററിയാട്ട മുറിയിൽ വല്ലൂത്ത വീട്ടിൽ ചിരുത ചെല്ലി മതൻ [illegible]	ടി മുറിയിൽ ഉഴത്രിപ്പിൽ കിഴക്കതിൽ കൊച്ചുണ്ണി മരക്കാര	ടി കൊച്ചുണ്ണി മരക്കാര	൭൦൦ പണം പാറിയുംകൊണ്ട് [illegible] ഒഴിഞ്ഞു കൊടുത്ത [illegible] സംബന്ധിച്ച ഒഴിവുകുറി

സബ്ബ് രജിസ്ട്രാർ [illegible]

൧൦൮൦ാമാണ്ട ചിങ്ങമാസം [illegible]

ചെങ്ങന്നൂർ സബ്‌രജിസ്ട്രാർ കച്ചേരിയിൽ രജിസ്റ്റർ ചെയ്തതിൽ ചോദിക്കാതെ കിടപ്പുള്ള ആധാരങ്ങളിന്മേൽ ൧൦൯൭-ാമാണ്ടത്തെ റൂൾസ് ൩-ാം വകുപ്പിൽ വിവരിച്ചിരിക്കുന്നതനുസരിച്ച് എഴുതിയ ലിസ്റ്റ്.

ആധാരം ഹാജരാക്കിയ			രജിസ്റ്റർ ചെയ്യുകയോ നിഷേധിക്കയോ ചെയ്ത					രജിസ്റ്റർ ചെയ്യുകയോ നിഷേധിക്കയോ ചെയ്തു എന്നു	ആധാരം എഴുതിക്കൊടുത്ത ആളുടെ പേരും വിവരവും	ആധാരം എഴുതി വാങ്ങിയ ആളുടെ പേരും വിവരവും	ആധാരം ഹാജരാക്കിയ ആളുടെ പേരും വിവരവും	ആധാരത്തിന്റെ സ്വഭാവം
ആണ്ട്	മാസം	തീയതി	ആണ്ട്	മാസം	തീയതി	പുസ്തകം	നമ്പർ					
൧൦൯൭	ധനു	൧൮	൧൦൯൭	ധനു	൧൭	൧	൨൭൬		തൈപ്പറമ്പിലായ എട്ടുപ്പുറമ്പിൽ നാറാണൻ നാറാണൻ	വെട്ടിക്കൽ നിന്നും മാക്കിച്ചിറയിൽ പാക്കം കമാരൻ കിട്ടൻ	ടി കമാരൻ കിട്ടൻ	൩൦ ബ്രിട്ടീഷ് രൂപായ്ക്കുള്ള ഒഴിവാധാരം
	മകരം	൧൩		മകരം	൧൩	൧	൨൭൯൦	[illegible] ചെയ്തു	കരിശ്ശേരിൽ അച്ചോ പവ്വാനൊസ്	കാക്കക്കരിയിൽ ചാഞ്ഞി വരസ്യാൻ	ടി അച്ചോ പവ്വാനൊസ്	൧൨൭ ബ്രിട്ടീഷ് രൂപായ്ക്കുള്ള ഈടു പണയാധാരം
	മീ	൨൯		മീ	൨൯	൧	൨൯൦		വട്ടപ്പള്ളിൽ നാറാണൻ അയ്യപ്പൻ	പുളിക്കോട്ട് കണക്ക കൃഷ്ണൻ പത്മനാഭൻ	ടി നാറാണൻ അയ്യപ്പൻ	൧൨൦൦ പണത്തിനുള്ള ഒറ്റിയാധാരത്തിന്റെ എതിര്
	കുംഭം	൧൭		കുംഭം	൧൭	൧	൨൯൪		അഴിക്കകത്തായ എടവഴിക്കൽ ഗോവിന്ദൻ വേലായുധൻ	വാഴണാശേരിയിൽ നിന്നും പൊക്കോട്ടു പാക്കം കൃഷ്ണൻ കേശവൻ	ടി ഗോവിന്ദൻ വേലായുധൻ	൧൯ ബ്രിട്ടീഷ് രൂപായ്ക്കുള്ള ഈടു പണയാധാരം

൧൦൯൭-ാമാണ്ട് ഇടവമാസം ൨-നു

സബ് രജിസ്ട്രാർ വേലായുധക്കുറുപ്പ് ഗ്രന്ഥ വില കാണിപ്പിള്ള.

കരുനാഗപ്പള്ളി സബ്രജിസ്ത്രാർ കച്ചേരിയിൽ നിഷേധിച്ചതിൽ ചോദിക്കാതെ കിടപ്പുള്ള ആധാരങ്ങളുടെ വക ൧൦൭൯ ാമാണ്ടത്തെ രജിസ്ത്രേഷൻ റൂൾസു ന്നാം വകുപ്പിൽ വിവരിച്ചിരിക്കുന്നതനുസരിച്ചു എഴുതിയ ലിസ്റ്റു.

ആധാരം ഹാജരാക്കിയ			ആധാരം രജിസ്ടർ ചെയ്കയൊ നിഷേധിക്കയൊ ചെയ്തു					ആധാരം രജിസ്ടർ ചെയ്തതൊ നിഷേധിച്ചതൊ എന്നു	ആധാരം എഴുതിക്കൊടുത്ത കക്ഷിയുടെ പേരും വിവരവും	ആധാരം എഴുതി വാങ്ങിയ കക്ഷിയുടെ പേരും വിവരവും	ആധാരം ഹാജരാക്കിയ കക്ഷിയുടെ പേരും വിവരവും	ആധാരത്തിന്റെ ചുരുക്കം
ആണ്ടു	മാസം	തിയതി	ആണ്ടു	മാസം	തിയതി	പുസ്തകം	നമ്പർ					
൧൦൭൮	മകരം	൩	൧൦൭൯	കുംഭം	൧൭		൩	നിഷേധിച്ചതു	കരുനാഗപ്പള്ളി പ്രവൃത്തിയിൽ അയണിവേലിക്കുളങ്ങര തെക്കും മുറിയിൽ കടവിച്ചേരിൽ വറിതു കിവറിതു	ടി അയണിവേലിക്കുളങ്ങര തെക്കും മുറിയിൽ വളയിച്ചേരിൽ മക്കൊസു മക്കൊസു മുതലപേർ	എഴുതിവാങ്ങിയതിൽ ടി വിളയിച്ചേരിൽ മറിയ ഏലിയാ	൧൦൭൮ ൽ ൨൩ാം നമ്പർ പണയാധാരപ്രകാരം പെട്ടുവാനുള്ള നെല്ലു ൧൭൭ പറയും പററി എഴുതികൊടുത്ത ഒഴിവുകുറി

൧൦൮൦ ാമാണ്ടു ഇടവമാസം ൩൧നു — സബ്രജിസ്ത്രാർ നാരായണപിള്ള.

Civil Circular No. 1 of 1081.

Proceedings of the High Court of Travancore dated the 2nd Chingom, 1081.

It having come to the notice of the High Court that Judges and Munsifs and other Civil Officers of Government are indiscriminately summoned by the Civil Courts to appear as witnesses irrespective of the distances they have to travel and the consequent detriment to the public business, on the grounds that they are either "within the local limits of their ordinary original jurisdiction" or "without such limits and at a place less than 50 miles from the court-house" (vide section 171) the High Court draw the attention of all the Civil Courts to clause (c) of section 371 of the Code of Civil Procedure which empowers them to issue a commission for the examination of "Civil and Military Officers of Government who cannot, in the opinion of the Judge, attend the Court without detriment to the public service." Unless the Officer to be examined is within easy reach of the court-house, or the Judge considers the examination of the Officer by himself absolutely necessary, the Civil Courts shall, as a rule, issue commissions for the examination of Civil and Military Officers whose absence from their stations would be detrimental to the public service.

By Order,
P. C. VALLINAYAGOM PILLAI,
Registrar.

൧൦൮൧-ാമാണ്ട സിവിൽ സൎക്കുലർ നമ്പർ ൧.

തിരുവിതാംകൂർ ഹൈക്കോട്ടിൽ നിന്നു ൧൦൮൧-ാമാണ്ടു ചിങ്ങമാസം ൨-ാം൹ ഉണ്ടായ പ്രൊസീഡിംഗ്സ്.

സിവിൽ നിയമം ൧൭൧-ാം വകുപ്പിൽ പറഞ്ഞിരിക്കുന്നതുപോലെ "കോട്ടിന്റെ സാധാരണമായ അധികാരസ്ഥലത്തിന്റെ അകത്താകട്ടെ അതു അതൃത്തികൾക്കു പുറത്തു കോട്ടുകച്ചേരിയിൽനിന്നു ൫൦ മൈലിൽ കുറഞ്ഞ ഒരു സ്ഥലത്താകട്ടെ" പാൎക്കുന്നു എന്നുള്ള കാരണങ്ങളിന്മേൽ ജഡ്ജിമാർ മുനസിപ്പന്മാർ മുതലായ ഗവൎമ്മെന്റിലെ സിവിൽ ഉദ്യോഗസ്ഥന്മാർ കോടതികളിൽ സാക്ഷികളായി ഹാജരാകുവാൻ യാത്രചെയ്യേണ്ട ദൂരത്തെയും അങ്ങനെ ഹാജരാകുന്നതിനാൽ സൎക്കാർ ജോലിക്കുണ്ടാകുന്ന തടസ്ഥത്തെയും പററി വേണ്ടപോലെ ആലോചിക്കാതെ അവൎക്കു സിവിൽ കോടതികളിൽ നിന്നു സമ്മനയച്ചു വരുന്നതായി ഹൈക്കോടതിയുടെ അറിവിൽപെട്ടിരിക്കുന്നതിനാൽ സിവിൽ നിയമം ൩൭൧-ാം വകുപ്പിലെ (സി) പിരിവിൽ കല്പിച്ചിട്ടുള്ളതിനെ നടത്തണമെന്നു എല്ലാ സിവിൽ കോടതികളെയും ഹൈക്കോടതി ഓൎമ്മിപ്പിക്കുന്നു. "സൎക്കാർജോലിക്കു വിരോധംകൂടാതെ കോട്ടിൽ ഹാജരാകാൻ പാടില്ലെന്നു ജഡ്ജി അഭിപ്രായപ്പെടുന്ന ഗവൎമ്മെന്റിലെ സിവിലും പട്ടാളം വകയും ഉദ്യോഗസ്ഥന്മാരെയും വിസ്തരിപ്പാനായി കോടതി ഒരു കമിഷൻ അയക്കേണമെന്നാകുന്നു" ആ പിരിവിൽ കല്പിച്ചിട്ടുള്ളതു. ഏതു ഉദ്യോഗസ്ഥനെ വിസ്തരിക്കേണമൊ ആ ഉദ്യോഗസ്ഥൻ കോടതിയിൽ എളുപ്പത്തിൽ ഹാജരാകത്തക്ക സ്ഥിതിയിൽ ഇരിക്കയൊ അല്ലെങ്കിൽ ജഡ്ജിതന്നെ ആ ഉദ്യോഗസ്ഥനെ വിസ്തരിച്ചേതീരു എന്നു ജഡ്ജിക്കു അഭിപ്രായമാകയൊ ചെയ്യാത്തപക്ഷം സ്ഥലംവിട്ടു പോയാൽ സൎക്കാർജോലിക്കു വിഘ്നം വരുന്നതായ സിവിലും പട്ടാളം വകയും ഉദ്യോഗസ്ഥന്മാരെ വിസ്തരിക്കുന്നതിനു സിവിൽ കോടതികൾ കമ്മിഷൻ അയക്കേണ്ടതാണെന്നുള്ള വ്യവസ്ഥയെ ഒരു ഏൎപ്പാടുപോലെ അനുഷ്ഠിച്ചുകൊള്ളേണ്ടതാകുന്നു.

ഉത്തരവിൻപ്രകാരം,
പി. സി. വള്ളിനായകംപിള്ള,
രജിസ്ത്രാർ.

Town Improvement Committee, Nagercoil.

Notice under section 89 clause 7, Proviso (a) of Regulation III of 1076.

Whereas the introduction of House-scavenging within the town of Nagercoil has been sanctioned by Government and whereas the Town Improvement Committee has at a special meeting held on the $\frac{\text{26th August, 1905,}}{\text{11th Chingam, 1081,}}$ directed imposition of the tax required for the purpose in the streets included within the Kottar block as specified below from the 1st Margaly 1081 in accordance with the Rules published on page 543 of the Sirkar Gazette No. 16 dated $\frac{\text{19-4-1904,}}{\text{7-9-1079,}}$ it is hereby notified for the information of all concerned that the fees for House-scavenging within the Kottar block will be, accordingly levied from the 1st Margaly, 1081.

Streets of Kottar Block

1. Kottar fishmongers' street.
2. Kathikaran's street.
3. Vadivesvaram Western street.
4. Vadivesvaram Eastern street.
5. Tailors' street.
6. Barbers' street.
7. Kammalars' street.
8. Elavannians' street.
9. Vannians' street.

9th September 1905.

N SUBRAHMANYA AIYAR,
President.

നമ്പർ ൧൦.

നാഗർകോവിൽ പട്ടണപരിഷ്കരണ കമ്മിററി അദ്ധ്യക്ഷനിൽ നിന്നും

൧൦൭൬-ലെ ൩-ാം റെഗുലെഷൻ ൮൯-ാം വകുപ്പു ൭-ാം പിരിവു

൧-ാം ഖണ്ഡം അനുസരിച്ചു ചെയ്യുന്ന പരസ്യം.

നാഗർകോവിൽ ടൌണിൽ ഹൌസ് സ്കാവഞ്ചിങ്ങ് (വീടുകളിലെ കക്കൂസുകൾ ശുചീകരണം ചെയ്യുന്നതിനുള്ള ഏർപ്പാടു) നടപ്പിൽ വരുത്തുന്നതിനു സർക്കാരിൽ നിന്നും അനുവദിച്ചിരിക്കുന്നതിനാൽ ൧൦൭൯-ാം മാണ്ട കന്നി ൭-ാം തീയതി ൧൬-ാം നമ്പർ സർക്കാർ ഗസററിൽ ൫൪൩-ാം ഭാഗത്തു പ്രസിദ്ധപ്പെടുത്തിയിരിക്കുന്ന ചട്ടങ്ങൾ പ്രകാരം ടി ഏർപ്പാടു ടൌണിൽ നടപ്പിൽ വരുത്തുന്നതിനു ഗവർമ്മെന്റിൽ നിന്നും അനുവദിച്ചിട്ടുള്ളതനുസരിച്ചു ൧൦൮൧-ാം മാണ്ട ധനു ൧-ാം തീയതി മുതൽ കോട്ടാറു ബ്ലാക്കിൽ ഉൾപ്പെട്ട താഴെ വിവരിച്ചിരിക്കുന്ന തെരുവുകളിൽ ടി ഏർപ്പാടു നടപ്പിൽ വരുത്തുന്നതിനു ടി കമ്മിററിയുടെ ൧൦൮൧-ാം ചിങ്ങം ൧൧-ാം കൂടിയ ഒരു പ്രത്യേക യോഗത്തിൽ തീരുമാനിച്ചിരിക്കുന്നതിനാൽ അതിലേക്കുള്ള ഫീസ് ൧൦൮൧-ാം മാണ്ട ധനു ൧-ാം മുതൽ പിരിപ്പിക്കപ്പെടുന്നതാണെന്നു ഇതിനാൽ തെളിയിക്കപ്പെട്ടിരിക്കുന്നു എന്നു ൧൦൮൧ ചിങ്ങം ൨൫-

കോട്ടാറു ബ്ലാക്കിലുള്ള സ്ഥലങ്ങൾ

൧. കോട്ടാറു ചാളക്കാരത്തെരുവു
൨. കത്തിക്കാരത്തെരുവു
൩. വടിവീശ്വരം മേക്കെത്തെരുവു
൪. വടിവീശ്വരം കിഴക്കെത്തെരുവു
൫. ചാണാത്തെരുവു
൬. നാവിതത്തെരുവു
൭. കമ്മാളത്തെരുവു
൮. ഇലവാണിയത്തെരുവു
൯. വാണിയത്തെരുവു.

പ്രസിഡെന്റു നാരായണയ്യൻ സുബ്രഹ്മണ്യയ്യൻ.

കുണ്ണുപുരം മൻസിഫ്കൊടതിയിൽ നിന്നും പരസ്യം ചെയ്യുന്നതു.

൧൦൬൭ ാമാണ്ടത്തെ ൩ ാം റിഗ്യുലെഷനിലെയും അതനുസരിച്ചു ൧൦൬൭ ാമാണ്ടു ആടിമാസം ൧൭൯-ക്കു കല്പനപ്രകാരം ഹൈക്കൊട്ടു സമക്ഷത്തിൽ നിന്നും ഏൎപ്പെടുത്തിയിട്ടുള്ള റൂാസ്സിലെയും നിബന്ധനകൾപ്രകാരം ഈ കൊട്ടു റിക്കാട്ടിൽ ഇരിപ്പുള്ള താഴെ വിവരിക്കുന്ന റിക്കാട്ടുകളെ നശിപ്പിക്കുന്നതിലെക്കു തിരഞ്ഞെടുക്കപ്പെട്ടിരിക്കുന്നു എന്നു ജനസമുദായത്തിന്റെ അറിവിന്നായി ഇതിനാൽ തെര്യപ്പെടുത്തിയിരിക്കുന്നു. ഈ നൊട്ടീസിനെ ഗവൎമ്മെന്റു ഗസെററിൽ പ്രസിദ്ധപ്പെടുത്തുന്ന തീയതിമുതൽ ആറുമാസത്തിനു മെൽ ആവക റിക്കാട്ടുകളെ നശിപ്പിക്കുന്നതുകൊണ്ടു അതുകൾക്കു പകൎപ്പുകിട്ടണമെന്നു അപെക്ഷയുള്ള കക്ഷികൾ ആയവധിക്കകമായി അപെക്ഷകൊടുത്തു വാങ്ങിക്കൊള്ളെണ്ടതുമാകുന്നു.

൧൦൭൦ ാമാണ്ടു ആടിമാസം ൧൯൯-
} ഡിസ്ത്രിക്ടുമൻസിഫ് പി. ജെ. വറഗീസ്സ്.

ആണ്ടു	നമ്പർ	നശിപ്പിക്കുന്നതിന തിരഞ്ഞെടുത്ത റിക്കാട്ടുകളുടെ വിവരം
൧൦൬൪	സീവിൽ ൧മുതൽ ൭൩൧ വരെ ടി സ്മാൾ ൧ മുതൽ ൪൭൯൯വരെ	അന്യായങ്ങൾ വിവരപത്രികകൾ കാൎയ്യവിവരപത്രികകൾ വസ്തുവിവര പട്ടികകൾ താഴ്വഴിപത്രികകൾ കക്ഷികളുടെയും സാക്ഷികളുടെയും വായ്മൊഴികൾ പ്രമാണപകൎപ്പുകൾ ജാപ്പുകൾ പഞ്ചായത്തു അപെക്ഷ ഉത്തരവു തീരുമാനം മുതലായതും റസ്സിവരെ നിയമിച്ചുള്ള ഉത്തരവുകൾ പായൻരകൾ ഇഞ്ചങ്കിഷൻ അപെക്ഷകളും ഉത്തരവുകളും സാക്ഷി പട്ടികകൾ സമൻസുകൾ വക്കാലത്തുകൾ വിധിനടത്തു ഹൎജികൾ ഉത്തരവുകൾ അവകാശഹൎജികൾ മററുസകല ഹൎജികളും ഡിഗ്രിയെപൊലെ ഊൎജ്ജിതമില്ലാത്ത എല്ലാ ഉത്തരവുകളും ആകുന്നു.
൧൦൬൫	സിവിൽ ൧ മുതൽ ൭൧൯ വരെ ടി. സ്മാൾ ൧ മുതൽ ൫൨൦ വരെ	

Notice inviting candidates for a vacant post of Santhi

നമ്പർ ൩൭ ൧൦൭൦ ചിങ്ങം ൧൭൯-

കൊട്ടയം താലൂക്കു കച്ചെരിയിൽ നിന്നും

പരസ്യം ചെയ്യുന്നതു എന്തെന്നാൽ

സൎക്കാർ വക എതിരത്തിരുവയ്ക്കുള്ള വടവാതൂർ ക്ഷെത്രത്തിൽ കാരാണ്മശാന്തി ചെലവള്ളി ഇല്ലത്തു ഗോവിന്ദൻ പരമെശ്വരൻ നമ്പൂരിക്കു വയസ്സുകാലത്തെ സുഖക്കെടുനിമിത്തം ശാന്തികഴിക്കുന്നതിനു മനസ്സില്ലെന്നും വെറെ ആളെപ്പെടുത്തി നടത്തുന്നതു സമ്മതമാണെന്നും ബൊധിപ്പിച്ചു് എതിരെവെപ്പിച്ചു എഴുതി ബൊധിപ്പിച്ചിരുന്നതിനു അതിന്മണ്ണുമായിരുന്നാൽ ശരടിയവയ്ക്കു ആളെപ്പെടുന്നതിനു മുറയ്ക്കു നടപടിയും ലെലവും നടത്തി റിപ്പൊട്ടു ചെയ്യാൻ ൧൦൭൦ ാമതു നമ്പരിൽ ൧൦൭൦ ഇടവം ൧൯൯ എഴുതിയ ഉത്തരവു വന്ന ശാന്തിക്കാൎക്കു കൊല്ലത്തെ കാലസംഖ്യക്കു ആളെപ്പെടുന്നതിനു കന്നിമാസം ൧൦൯ ഈ കച്ചെരിയിൽ വച്ചു ലെലം ചെയ്യുന്നതിനു നിശ്ചയിച്ചിരിക്കുന്നതിനാൽ മനസ്സുള്ളവർ ഹാജരായി വിളികെൾക്കാമെന്നുള്ളതും കൂടുതൽ തുകയ്ക്കു വിളികെൾക്കുന്നവർ നാലിലൊന്നു ഡെമനി ഉടനെയും ശെഷം സംഖ്യ ലെലം സ്ഥിരപ്പെടുത്തി ഉത്തരവു വന്നു തെര്യപ്പെടുത്തുമ്പൊഴും ഹാജരാക്കി ഒടുക്കെണ്ടതാകുന്നു.

